11
2024
ജൂലൈ
വ്യാഴം
മിഥുനം 27

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.219 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-219 പേജ് 4. വില 2.00 രൂപ

02 ഐഎസ്ആർഒ ചാരക്കേസ്; സത്യം നേരത്തെ പുറത്തുവന്നതെന്ന് നമ്പി നാരായണൻ
03 വിവാഹമോചിതയായ മുസ്‌ലിം സ്ത്രീക്ക് ജീവനാംശത്തിന് അവകാശം
04 മത്സ്യോത്പാദനത്തിൽ സംസ്ഥാനം ഇനിയും മെച്ചപ്പെടണം: മുഖ്യമന്ത്രി

## നാളെ മുഖ്യമന്ത്രി കപ്പലിനെ സ്വീകരിക്കും

# വിഴിഞ്ഞം തുറമുഖം ഒരുങ്ങുന്നു

തിരുവനന്തപുരം: ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഷിപ്പിംഗ് കമ്പനിയായ മെഴ്സ്കിന്റെ കപ്പലായ സാൻ ഫെർണാണ്ടോ ജൂലൈ 12ന് തിരുവനന്തപുരത്തെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് (വിഐഎസ്ടി) എത്തുന്നത് സംസ്ഥാനത്തിന്റെ അതിമോഹമായ സാമ്പത്തിക അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ നിർണായക സംഭവമായി. യഥാർത്ഥ കമ്മീഷനിംഗ് രണ്ട് മാസങ്ങൾക്കുള്ളിൽ, തുറമുഖം കണ്ടെയ്നർ കപ്പലുകൾ ഉപയോഗിച്ച് ട്രയൽ റൺ ആരംഭിക്കാൻ ഒരുങ്ങുകയാണ്. മദർഷിപ്പിന്റെ ഡോക്കിംഗ്, ട്രയലിന്റെ ഭാഗമാണെങ്കിലും, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള കസ്റ്റംസ് ക്ലിയറൻസ് ലഭിച്ചതിന് ശേഷം വാണിജ്യപരമായി പ്രാധാന്യമുള്ള ഒരു സംഭവമായി കണക്കാക്കപ്പെടുന്നു.



പരിപാടിയുടെ സ്മരണയ്ക്കായി വിപുലമായ പദ്ധതികളാണ് അധികൃതർ ആവിഷ്കരിച്ചിരിക്കുന്നത്. ജൂലൈ 12 ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ട് കപ്പലിനെ സ്വീകരിക്കും, തുറമുഖ മന്ത്രി വി എൻ വാസവൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കേന്ദ്ര ഷിപ്പിംഗ് മന്ത്രി സർബാനന്ദ സോനോവാൾ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡിന്റെ സിഇഒ കരൺ അദാനി, ശശി തരൂർ, എംപി, മറ്റ് സംസ്ഥാന പ്രമുഖർ എന്നിവരും പങ്കെടുക്കും. ട്രയൽ പ്രവർത്തനങ്ങളിൽ യഥാർത്ഥ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നത് ഉൾപ്പെടും. ഇന്ത്യയുടെ ആദ്യത്തെ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം 300 മീറ്റർ നീളവും 48 മീറ്റർ വീതിയുമുള്ള സാൻ ഫെർണാണ്ടോയിൽ നിന്ന് 2,000 കണ്ടെയ്നറുകൾ ഇറക്കി അതിന്റെ കഴിവുകൾ തെളിയിക്കും, ഇത് ചൈനയിലെ സിയാമെൻ തുറമുഖത്ത് നിന്ന് പുറപ്പെട്ട് ജൂലൈ 11ന് പുറം കടലിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. കപ്പലിലെ 400 കണ്ടെയ്നറുകളുടെ നീക്കം നിയന്ത്രിക്കാൻ വിഴിഞ്ഞം തുറമുഖ സേവനങ്ങൾ ഉപയോഗപ്പെടുത്തും, കൂടുതൽ ചരക്ക് കൈകാര്യം ചെയ്യുന്നതിനായി രണ്ട് ഫീഡർ കപ്പലുകളിലൊന്ന് ജൂലൈ 13ന് എത്തും. വാണിജ്യ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കർശനമായ പ്രവർത്തന മാനദണ്ഡങ്ങൾ തുറമുഖം പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലാണ് ഈ പരീക്ഷണങ്ങൾക്ക് പിന്നിലെ യുക്തി. താമസ സമയം, വെസൽ ടേൺ എറൗണ്ട്, ബെർത്ത് ഉൽപ്പാദനക്ഷമത, വാഹന സർവീസ് സമയം, കപ്പൽ കൈകാര്യം ചെയ്യുന്ന ഉൽപ്പാദനക്ഷമത, കടൽ ക്രെയിൻ കാര്യക്ഷമത തുടങ്ങിയ പാരാമീറ്ററുകൾ ആഗോള മാനദണ്ഡങ്ങൾ പാലിക്കണം. സെപ്റ്റംബർ മുതൽ ഒക്ടോബർ വരെയാണ് കമ്മീഷൻ ചെയ്യുന്നത്. വിജയകരമായ പരീക്ഷണങ്ങൾക്ക് ശേഷം, വാണിജ്യ ഷിപ്പിംഗ് കമ്പനികൾ ഒരു ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി തന്ത്രപരമായി വികസിപ്പിച്ച തുറമുഖം ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു



മന്ത്രി വി.എൻ. വാസവൻ വിഴിഞ്ഞം തുറമുഖം സന്ദർശിക്കുന്നു

## ട്രാൻസ്ഷിപ്പ്മെന്റിന് പരിഗണന

വിഴിഞ്ഞം തുറമുഖത്തിൽ നിന്ന് റോഡിലൂടെയുള്ള ചരക്ക് നീക്കത്തേക്കാൾ ട്രാൻഷിപ്പ്മെന്റിനാണ് പരിഗണനയെന്ന് തുറമുഖ വകുപ്പ് മന്ത്രി വി. എൻ. വാസവൻ പറഞ്ഞു. വിഴിഞ്ഞം തുറമുഖം മന്ത്രി സന്ദർശിച്ച് ഒരുക്കങ്ങൾ വിലയിരുത്തി.നിരവധി മന്ത്രിമാർ വിഴിഞ്ഞം പദ്ധതിക്കു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. അവരെയെല്ലാം തുറമുഖം കമ്മിഷൻ ചെയ്യുന്ന അവസരത്തിൽ ക്ഷണിക്കുമെന്ന് മന്ത്രി പറഞ്ഞു. നഷ്ടപരിഹാരം നൽകാനുള്ളവർക്കെല്ലാം അത് നൽകും. വിഴിഞ്ഞം തുറമുഖത്തിനുള്ള ഗ്യാപ് വയബിലിറ്റി ഫണ്ട് കേന്ദ്രം നൽകാനുണ്ട്. ഈ മാസം തുക നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. തുറമുഖത്തെത്തുന്ന സാൻ ഫെർണാണ്ടോ കപ്പലിൽ നിന്ന് 1960 കണ്ടെയ്നറുകൾ വിഴിഞ്ഞം തുറമുഖത്ത് ഇറക്കുമെന്ന് മന്ത്രി പറഞ്ഞു.

## ക്ഷേമപെൻഷൻ വർധിപ്പിക്കും; കുടിശ്ശികകളെല്ലാം തീർക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ക്ഷേമപെൻഷൻ ഇനിയും വർധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 202425 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 202526 ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചു. ചട്ടം 300 പ്രകാരം നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിലായിരുന്നു മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്.

നിലവിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അഞ്ചു ഗഡുക്കൾ കുടിശ്ശികയാണ്. സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക തീർത്തും നൽകണമെന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിൽ ഈ ഇനത്തിൽ 4,250 കോടി രൂപയാണ് കുടിശ്ശികയായുള്ളത്. 202425 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയുടെ ഭാഗമായി 1,700 കോടി രൂപ വിതരണം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

മറ്റ് പ്രഖ്യാപനങ്ങൾ: തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺഅറ്റാച്ച്ഡ്), കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 മേയ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ 2023 മെയ് വരെയാണ് പെൻഷൻ നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാതാക്കളിൽ നിന്ന് പിരിച്ചെടുക്കുന്ന സെസ് തുകയിൽ നിന്നുമാണ് കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നത്. സെസ് കാര്യക്ഷമമായി പിരിച്ചെടുത്ത് കുടിശ്ശിക നിവാരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ സർക്കാർ തലത്തിൽ പ്രത്യേക ഇടപെടൽ ഉണ്ടാകും.

ആധാരം എഴുത്തുകാരുടെയും പകർപ്പ് എഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും പെൻഷനുകൾ നൽകുന്നത് ക്ഷേമനിധിയുടെ തനത് ഫണ്ടിൽ നിന്നാണ്. ഈ ആനുകൂല്യങ്ങൾക്ക് നിലവിൽ കുടിശ്ശികയില്ല.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീം ഖാദി വസ്ത്രങ്ങൾക്കുള്ള റിബേറ്റ്, ഖാദി നൂൽപ്പ്കാർക്കും നെയ്ത്തുകാർക്കും നൽകുന്ന ഉൽപ്പാദക ബോണസ്സും ഉത്സവ ബത്തയും നിലവിൽ കുടിശ്ശികയാണ്. 2024 മെയ് വരെ ഇൻകം സപ്പോർട്ട് ഇനത്തിൽ 38 കോടി രൂപയാണ് കുടിശ്ശിക. പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 7 കോടിയും റിബേറ്റ് ഇനത്തിൽ 35 കോടി രൂപയും കുടിശ്ശികയാണ്. ആകെ 80 കോടി രൂപ കുടിശ്ശികയാണ്. ഇത് കൊടുത്ത് തീർക്കാനുള്ള നടപടി സ്വീകരിക്കും.

കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്ന് 8,219 വർക്കർമാർക്കും 8,946 ഹെൽപ്പർമാർക്കുമായി ആകെ 17,165 പേർക്ക് അംശാദായ പെൻഷൻ നൽകിവരുന്നു. 2010 മുതൽ 2022 വരെ വിരമിച്ച വർക്കർമാർക്ക് 2024 മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ നൽകുന്നതിനായി 6.10 കോടി രൂപയും 2023 ഏപ്രിലിൽ വിരമിച്ചവർക്ക് 11 മാസത്തെ കുടിശ്ശിക നൽകുന്നതിന് 4.18 കോടി രൂപയും 2024 ൽ വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശികയായി 94.35 ലക്ഷം രൂപയും ഉൾപ്പെടെ 11.22 കോടി രൂപ കുടിശ്ശികയുണ്ട്. ഇത് അനുവദിക്കാൻ നടപടി സ്വീകരിക്കും.

### നീറ്റ് ക്രമക്കേട്; ഒറ്റപ്പെട്ട സംഭവമെന്ന് എൻടിഎ സുപ്രീംകോടതിയിൽ

ന്യൂഡൽഹി: നീറ്റ് പരീക്ഷയിൽ ചോദ്യപേപ്പർ ചോർച്ച ഒറ്റപ്പെട്ട സംഭവമാണെന്ന് കേന്ദ്ര സർക്കാരും എൻടിഎയും. സുപ്രീംകോതിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. നീറ്റ് ചോദ്യപേപ്പർ വ്യാപകമായി ചോർന്നിട്ടില്ല. പാട്ന, ഗോധ്ര എന്നിവിടങ്ങളിൽ ഒതുങ്ങുന്ന ക്രമക്കേടുകൾ മാത്രമാണ് നടന്നത്. വിഷയം പരീക്ഷയുടെ പരിശുദ്ധിയെ ബാധിച്ചിട്ടില്ലെന്നും എൻടിഎ കോടതിയെ അറിയിച്ചു.

നീറ്റ് ക്രമക്കേട് പൂർണമായി പരീക്ഷ നടപടികളെ ബാധിക്കുന്നില്ല. റാങ്ക് ലിസ്റ്റിലും മാർക്ക് നൽകിയതിലും അപാകതയില്ലെന്നും ഗ്രേസ് മാർക്ക് പ്രശ്നങ്ങൾ പരിഹരിച്ചെന്നും എൻടിഎ കോടതിയെ അറിയിച്ചു.

## വിഴിഞ്ഞം ചടങ്ങിൽ പ്രതിപക്ഷ നേതാവിന് ക്ഷണമില്ല; വിഷയം നിയമസഭയിൽ, പരിശോധിക്കുമെന്ന് മന്ത്രി

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്ത് മദർഷിപ്പിനെ സ്വാഗതം ചെയ്യുന്ന ചടങ്ങിലേക്ക് പ്രതിപക്ഷ നേതാവ് വി. ഡി. സതീശന് ക്ഷണം ലഭിക്കാത്ത വിഷ!യം നിയമസഭയിൽ ഉയർത്തി പ്രതിപക്ഷം. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുയർന്ന ചോദ്യോത്തര വേളയിലെ ചർച്ചകൾക്കിടയിലാണ് ഈ വിഷയം ഉയർന്നത്.

പ്രതിപക്ഷനേതാവിനെ ക്ഷണിക്കാത്തത് പ്രതിഷേധാർഹമാണെന്ന് എം. വിൻസെന്റ് എംഎൽഎ പറഞ്ഞു. അതേസമയം, എന്താണ് ഉണ്ടായത് എന്ന് പരിശോധിച്ച് തിരുത്താൻ ശ്രമിക്കുമെന്ന് മന്ത്രി സജി ചെറിയാൻ മറുപടി നല്കി.

## സുപ്രീം കോടതി വടിയെടുത്തു; 14 ഉല്പന്നങ്ങൾ പിൻവലിച്ച് പതഞ്ജലി

ന്യൂഡൽഹി: വ്യാജ ഹെർബൽ ആയുർവേദ ഉല്പന്നങ്ങൾ വിപണിയിൽ നിന്ന് പിൻവലിച്ചതായി പതഞ്ജലി കമ്പനി സുപ്രീം കോടതിയിൽ. രാജ്യവ്യാപകമായി വിപണിയിൽ നിന്നും ഉല്പന്നങ്ങൾ പിൻവലിച്ചതായും ഇവയുടെ ലൈസൻസ് റദ്ദാക്കിയതായും കമ്പനി കോടതിയെ ബോധിപ്പിച്ചു. സമൂഹ മാധ്യമം ഇകോമേഴ്സ് പ്ലാറ്റ്ഫോമിലെ ഈ ഉല്പന്നങ്ങളുടെ പരസ്യം പിൻവലിക്കുന്നതായും കമ്പനി വ്യക്തമാക്കി.

പതഞ്ജലി കമ്പനിയുടെ പരസ്യസ്ഥാപനവും വ്യാജ മരുന്നുകളുടെ പരസ്യം തുടർന്ന് പ്രസിദ്ധീകരിക്കില്ല. സ്വാസരി ഗോൾഡ്, സ്വാസരി വാതി, ബ്രോൺകോം, സ്വാസരി പ്രവാഹി, സ്വാസരി അവേല, മുക്തവിറ്റ എക്സ്ട്രാ പവർ, ലിപിഡോം, ബിപി ഗ്രിറ്റ്, മധുസനാദി വാതി എക്സ്ട്രാ പവർ, ലിവ്മൃത് അഡ്വാൻസ്, ലിലോഗ്രിറ്റ്, ഐറൈറ്റ് ഗോൾഡ്, പതഞ്ജലി ദൃഷ്ടി ഡ്രോപ് എന്നീ 14 ഉല്പന്നങ്ങളാണ് കമ്പനി പിൻവലിക്കാൻ തീരുമാനിച്ചത്.

## വൈസ് ചാൻസ്ലർമാർ സ്വന്തംചെലവിൽ കേസ് നടത്തണമെന്ന് ഗവർണർ

### സർവകലാശാലാ ഫണ്ടിൽ നിന്നെടുത്ത പണം തിരിച്ചടക്കാൻ ഉത്തരവ്

തിരുവനന്തപുരം: വൈസ് ചാൻസ്ലർമാർ സ്വന്തം ചെലിൽ കേസ് നടത്തണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സർവകലാശാലാ ഫണ്ടിൽ നിന്നും ഗവർണർക്കെതിരേ കേസ് നടത്താൻ ചെലവിട്ട ഒരു കോടി 13 ലക്ഷം രൂപ തിരിച്ചടക്കാനും ഗവർണർ ഉത്തരവിട്ടു. ഉത്തരവ് വന്നതോടെ വി.സിമാർ ഇനി സ്വന്തം ചെലവിൽ കേസ് നടത്തേണ്ടി വരും.

കോടതി ചെലവുകൾക്കായി സർവകലാശാലാ ഫണ്ടിൽ നിന്നും പണം എടുത്തത് ധനദുർവിനിയോഗമാണെന്നും ഈ തുക തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യണമെന്നുമാണ് വി.സിമാർക്ക് ഗവർണർ ഉത്തരവിട്ടിരിക്കുന്നത്. പണം ചെലവഴിച്ച എല്ലാ വി.സി മാർക്കും ഗവർണറുടെ സെക്രട്ടറി നിർദേശം നൽകിയിട്ടുണ്ട്.

വി.സി. നിയമനം അസാധുവാക്കിയ ഗവർണറുടെ ഉത്തരവിനെതിരേ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും വി.സിമാർ കേസ് നടത്താൻ സർവകലാശാലയിൽ നിന്ന് ഫണ്ട് തുക ചെലവഴിച്ചിരുന്നു.

കണ്ണൂർ വി.സി. ആയിരുന്ന ഡോ. ഗോപിനാഥ് രവീന്ദ്രൻ 69 ലക്ഷം രൂപയും കുഫോസ് വി.സി. 36 ലക്ഷം രൂപയും കെ.ടി.യു. വിസി ഒന്നര ലക്ഷം രൂപയും കാലിക്കറ്റ് വിസി 4 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പ്രിയാ വർഗീസിന്റെ കേസുമായി ബന്ധപ്പെട്ട് 7,80000 രൂപ കണ്ണൂർ സർവകലാശാല ചെലവഴിച്ചിട്ടുണ്ടെന്നാണ് വിവരം.



# അങ്കണവാടി, ആശ പ്രവർത്തകരുടെ സേവനം വിലമതിക്കാനാകാത്തത്: മന്ത്രി

തിരുവനന്തപുരം: അങ്കണവാടി പ്രവർത്തകരുടെയും ആശ പ്രവർത്തകരുടെയും സേവനം വിലമതിക്കാനാകാത്തതാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. അവരുടെ വിഷയങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രാധാന്യത്തോടെയാണ് കാണുന്നതെന്നും മന്ത്രി പറഞ്ഞു. പി സി വിഷ്ണുനാഥിന്റെ ശ്രദ്ധ ക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി.

അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയത്തിൽ നിലവിൽ 60:40 അനുപാതത്തിലാണ് കേന്ദ്രസംസ്ഥാന വിഹിതമുള്ളത്. അങ്കണവാടി ജീവനക്കാർക്ക് 13,000 രൂപയും ഹെൽപ്പർക്ക് 9000 രൂപയുമാണ് ഇപ്പോൾ ഓണറേറിയമായി ലഭിക്കുന്നത്. 33115 അങ്കണവാടികളിൽ നിന്ന് ആകെ 29,262 അങ്കണവാടി വർക്കർമാരും 25,868 ഹെൽപ്പർമാരുമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. യഥാക്രമം 500 രൂപയും 250 രൂപയുമാണ് ഇവരിൽ നിന്ന് പ്രതിമാസം ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്നത്. വർക്കർക്ക് 15,000 രൂപയും ഹെൽപ്പർക്ക് 10,000 രൂപയും വിരമിക്കൽ ആനുകൂല്യമായി നൽകിവരുന്നുണ്ട്. വിരമിക്കൽ ആനുകൂല്യത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നത് ജീവനക്കാരുടെ പ്രതിമാസ വിഹിതത്തിൽ നിന്നും ആയതിന് ആനുപാതികമായി ലഭിക്കുന്ന സർക്കാർ വിഹിതത്തിൽ നിന്നും സ്ഥിരനിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്ന പലിശയിൽ നിന്നും മാത്രമാണ്. എന്നാൽ ഓരോ വർഷവും വിരമിക്കുന്നവരുടെ എണ്ണം വർധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർധിച്ചു വരുന്ന ചെലവ് ബോർഡിന് സാമ്പത്തികമായി ഞെരുക്കമുണ്ടാക്കുന്നുണ്ടെന്നത് വസ്തുതയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരമുണ്ടാകണമെന്നതാണ് സർക്കാർ നിലപാട്.

ധനവകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്യുന്നുണ്ട്. വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി നിലവിൽ ക്ഷേമനിധി ബോർഡിന്റെ പക്കലുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസമുണ്ടാകുന്നത്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1.80 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അങ്കണവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ 2500 രൂപയും 1500 രൂപയുമായി വർധിപ്പിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് കുടിശിക ഉൾപ്പെടെയുള്ളത് കൊടുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇവരുടെ പെൻഷൻ വർധിപ്പിക്കുന്നതും ഓണറേറിയം എന്നത് ശമ്പളമാക്കുന്നതും സർക്കാരിന്റെ പരിഗണനയിലുള്ള കാര്യങ്ങളാണെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു.

# അടിസ്ഥാന വിഭാഗങ്ങൾക്ക് അതൃപ്തിയുണ്ടാക്കിയ നടപടികൾ സർക്കാർ തിരുത്തണം: എം. വി. ഗോവിന്ദൻ

കോഴിക്കോട്: അടിസ്ഥാന വിഭാഗങ്ങൾക്ക് അതൃപ്തിയുണ്ടാക്കിയ എല്ലാ നടപടികളും സർക്കാർ തിരുത്തണമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി ഗോവിന്ദൻ. മുൻഗണന എന്തിനാണെന്ന് തീരുമാനിച്ച് നടപ്പാക്കണമെന്നും ഗോവിന്ദൻ പ്രതികരിച്ചു.

സംസ്ഥാനത്ത് പലയിടത്തും എൽഡിഎഫ് വോട്ടുകൾ ബിജെപിക്ക് അനുകൂലമായി. മലബാറിലെ മുസ്ലിം വോട്ട് ഏകീകരണം ദുരവ്യാപക പ്രത്യാഘാതം ഉണ്ടാക്കുമെന്നും ഗോവിന്ദൻ പറഞ്ഞു.

വിശ്വാസികളോട് ഒപ്പം നിൽക്കുന്ന നിലപാടാണ് സിപിഎമ്മിന്. അവിശ്വാസികൾക്കൊപ്പവും നിൽക്കും. രണ്ടു കൂട്ടർക്കും ജനാധിപത്യ അവകാശങ്ങൾ ഉണ്ട്.

വിശ്വാസികൾ വർഗീയവാദികളല്ല. വർഗീയവാദി വിശ്വാസിയുമല്ല. വർഗീയതയെ പ്രതിരോധിക്കാൻ വിശ്വാസികളാണ് നല്ലത്. ക്ഷേത്രങ്ങൾ വിശ്വാസികൾ കൈകാര്യം ചെയ്യണമെന്നും ഗോവിന്ദൻ പറഞ്ഞു.

വിശ്വാസത്തെ ഉപകരണമാക്കുന്ന ആർഎസ്എസല്ല ആരാധനാലയങ്ങൾ കൈകാര്യം ചെയ്യേണ്ടത്. ഇന്നല്ലെങ്കിൽ നാളെ വിശ്വാസികളുടെ കൈയിൽ ആരാധനാലയങ്ങൾ വരണമെന്ന് തന്നെയാണ് സിപിഎം നിലപാട്.

ഇപ്പോഴത്തെ അപകടത്തെ നേരിടാൻ കോൺഗ്രസാണ് നല്ലതെന്ന് ന്യൂനപക്ഷങ്ങൾ ചിന്തിച്ചു. അതാണ് അവർക്ക് കേരളത്തിൽ നേട്ടമായതെന്നും അദ്ദേഹം പറഞ്ഞു.

ജമാഅത്തെ ഇസ്ലാമിയുടെ വനിതകൾ നന്നായി ജനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ കഴിവുള്ളവരാണ്. അവർ യുഡിഎഫുമായി ചേർന്ന് പ്രവർത്തിച്ചു. അതാണ് മലബാറിൽ യുഡിഎഫിന് ഇത്ര നേട്ടമുണ്ടാക്കാൻ കഴിഞ്ഞത്.

പിണറായിയെ രാഷ്ട്രീയ ലക്ഷ്യം വച്ചുള്ള വേട്ടയാടലുകൾ പ്രതിരോധിക്കും. കമ്പനികൾ തമ്മിലുള്ള കേസുകൾ കമ്പനി നോക്കട്ടെ. പിണറായിക്കെതിരെ ഒരു കേസ് പോലും ഇപ്പോൾ ഇല്ലെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.

# സ്ത്രീകൾക്കെതിരായ അതിക്രമം ഉന്നയിച്ച് കെ. കെ. രമ; കടുത്ത നടപടിയുണ്ടാകുമെന്ന് മന്ത്രി വീണ

തിരുവനന്തപുരം: സ്ത്രീകൾക്കെതിരായ അതിക്രമം നിയമസഭയിലുന്നയിച്ച് പ്രതിപക്ഷം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമങ്ങൾ സംസ്ഥാനത്ത് വർധിച്ച് വരുന്നതായി അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ച കെ. കെ. രമ പറഞ്ഞു.

ഇത്തരം അതിക്രമങ്ങളിൽ പ്രതികളാകുന്നവർ സിപിഎം പ്രവർത്തകരും ഇടത് അനുഭാവികളുമാണെന്ന് രമ വിമർശിച്ചു. പൂച്ചാക്കലിൽ ദളിത് പെൺകുട്ടി ആക്രമിക്കപ്പെട്ട കേസിലെ പ്രതിയെ പോലീസ് സംരക്ഷിക്കുന്നു.

നടിയെ ആക്രമിച്ച കേസിൽ മെമ്മറി കാർഡ് പോലും പുറത്തുപോയി. ഹേമ കമ്മീഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പിലാക്കിയോ എന്നും രമ ചോദിച്ചു. കെസിഎ കോച്ചിന്റെ പീഡനം അടക്കമുള്ള വിഷയങ്ങളും രമ സഭയിൽ ഉന്നയിച്ചു. എന്നാൽ സ്ത്രീകൾക്കെതിരായ ആക്രമണങ്ങളിൽ കടുത്ത നടപടിയുണ്ടാകുമെന്നായിരുന്നു വനിതാ ശിശുക്ഷേമ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി വീണാ ജോർജിന്റെ മറുപടി. പൂച്ചാക്കൽ സംഭവത്തിലെ പ്രതിയെ സിപിഎം പിന്തുണയ്ക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു.

പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ് സമയത്ത് താൻ നടക്കമുള്ള വനിതാ നേതാക്കൾക്കെതിരെ സൈബർ ആക്രമണമുണ്ടായി. രമയുടെ പാർട്ടി നേതാവ് ഷൈലജ ടീച്ചറെക്കുറിച്ച് പറഞ്ഞത് നമ്മൾ കണ്ടതല്ലേയെന്നും രമയുടെ വിമർശനത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

അതേസമയം ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി നോട്ടീസിന് മറുപടി പറയണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു പിണറായി വിജയൻ ഇന്ന് സഭയിൽ എത്തിയില്ല. സഭാ മന്ദിരത്തിൽ തന്നെ ഉണ്ടായിട്ടും സഭാതലത്തിൽ എത്താതെ ഒഴിഞ്ഞുമാറുകയായിരുന്നു. സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയമായതിനാലാണ് മറുപടി പറയാൻ മന്ത്രി വീണാ ജോർജിനെ ചുമതലപ്പെടുത്തിയതെന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസിന്റെ വിശദീകരണം.

# രാജാരവിവർമ്മ പുരസ്കാര സമർപ്പണം ഇന്ന്

## ചിത്രകാരൻ സുരേന്ദ്രൻ നായർക്ക് മന്ത്രി സജി ചെറിയാൻ സമ്മാനിക്കും

2022ലെ രാജാരവിവർമ്മ പുരസ്കാരം മന്ത്രി സജി ചെറിയാൻ ഇന്ന് (ജൂലൈ 11) വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കുന്ന ചടങ്ങിൽ മലയാളിയായ പ്രശസ്ത ചിത്രകാരൻ സുരേന്ദ്രൻ നായർക്ക് സമ്മാനിക്കും. മൂന്നുലക്ഷം രൂപയും കീർത്തിപത്രവും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവുമാണ് പുരസ്കാരം. വിഷ്വൽ ആർട്ട് രംഗത്ത് കേരള സർക്കാർ നൽകുന്ന പരമോന്നത ബഹുമതിയാണ് രാജാരവി വർമ്മ പുരസ്കാരം.

വി.കെ. പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടർ മായ സ്വാഗതം ആശംസിക്കും. കേരള ലളിതകലാഅക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് പരിപ്രേക്ഷ്യം അവതരിപ്പിക്കും. ചീഫ് സെക്രട്ടറി ഡോ. വി. വേണു മുഖ്യാതിഥിയാകും. കലാചരിത്രകാരൻ, സാംസ്കാരിക വിമർശകൻ, ക്യൂറേറ്റർ, എഴുത്തുകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ജോണി എം.എൽ. മുഖ്യപ്രഭാഷണം നടത്തും. കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ. കരുൺ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ ജി.എസ്. പ്രദീപ്, സമം പദ്ധതി ചെയർപേഴ്സൺ സുജ സൂസൻ ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിക്കും. സുരേന്ദ്രൻ നായർ മറുപടി പ്രഭാഷണവും അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ നന്ദിയും അറിയിക്കും.

കലാരംഗത്ത് അന്തർദേശീയ തലത്തിൽ ശ്രദ്ധേയനായ വ്യക്തിയാണ് സുരേന്ദ്രൻ നായർ. 1956ൽ എറണാകുളം ജില്ലയിലെ ഓണക്കൂറിലാണ് സുരേന്ദ്രൻ നായരുടെ ജനനം. തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ നിന്ന് കലയിൽ ബിരുദവും ബറോഡ എം.എസ്. യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തരബിരുദവും നേടി. കലാപഠനത്തിന്റെ തുടക്കകാലത്ത് പാശ്ചാത്യകലയുടെ സ്വാധീനമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ സൃഷ്ടികളിൽ കേരളത്തിന്റെ സംസ്കാരവും പാരമ്പര്യകലകളും സമന്വയിപ്പിച്ചിട്ടുണ്ട്. സുരേന്ദ്രൻ നായരുടെ തുടർന്നുള്ള കലയിൽ തിയേറ്റർ ഒരു പ്രധാന ഘടകമാണ്. അതാകട്ടെ, അനുഷ്ഠാനങ്ങളുടെ സൂക്ഷ്മ വിശകലനവും സ്വയംപരിവർത്തനവും രൂപങ്ങളുടെയും വാക്കുകളുടെയും പരസ്പര പ്രവർത്തനവുമാകുന്നു.

പുതു അർത്ഥം സൃഷ്ടിക്കുംവിധം വാക്കുകൾ ചിത്രത്തിന്റെ അനിവാര്യ ഘടകമാണ്. സുരേന്ദ്രൻ നായർ ചിത്രങ്ങളിൽ പാരമ്പര്യവും ആധുനികതയും സങ്കീർണ്ണമായി ഇഴചേർന്നിരിക്കുന്നു. നിഷ്കളങ്കമായ നർമ്മത്തിലൂടെയും പ്രത്യേക നോട്ടങ്ങളിലൂടെയും അദ്ദേഹത്തിന്റെ ചിത്രങ്ങൾ പലപ്പോഴും ബഹുമുഖ കാഴ്ചയാണ് പ്രദാനം ചെയ്യുന്നത്.

# ഐഎസ്ആർഒ ചാരക്കേസ്; സത്യം നേരത്തെ പുറത്തുവന്നതെന്ന് നമ്പി നാരായണൻ

കൊച്ചി: ഐഎസ്ആർഒ ചാരക്കേസിന്റെ യാഥാർത്ഥ്യം നേരത്തെ പുറത്തുവന്നതെന്ന് നമ്പി നാരായണൻ. താൻ കുറ്റക്കാരനല്ലെന്ന് തെളിയിക്കണമായിരുന്നു. അത് സംഭവിച്ചുവെന്നും അദ്ദേഹം പറഞ്ഞു. സിബിഐ കുറ്റപത്രം മുഖേന അത് ഇപ്പോൾ കോടതിയിൽ പറഞ്ഞു. അത്രമാത്രമെ സംഭവിച്ചിട്ടുള്ളുവെന്നും നമ്പി നാരായണൻ പറഞ്ഞു.

കുറ്റക്കാരനല്ലെന്ന് തെളിയിക്കാൻ 20 വർഷത്തോളമെടുത്തു. പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം നേരത്തെ സമർപ്പിച്ച റിപ്പോർട്ടിലും ഉണ്ടായിരുന്നു. കേസിൽ താൽപര്യം നഷ്ടപ്പെട്ടു. വേണമെങ്കിൽ സാക്ഷിയാകാമെന്നും നമ്പി നാരായണൻ വ്യക്തമാക്കി. ഐഎസ്ആർഒ ചാരക്കേസ് കെട്ടിച്ചമച്ചതെന്ന് സിബിഐ റിപ്പോർട്ടിൽ പറയുന്നു. സിഐ ആയിരുന്ന എസ്. വിജയനാണ് കെട്ടിച്ചമച്ചതെന്ന് സിബിഐ പറയുന്നു.

മറിയം റഷീദയെ അന്യായ തടങ്കലിൽ വയ്ക്കുകയും ഐബിയെ ചോദ്യം ചെയ്യാൻ അനുവദിക്കുകയും ചെയ്തു. മറിയം റഷീദക്കെതിരെ വഞ്ചിയൂർ സ്റ്റേഷനിൽ തെളിവുകളില്ലാതെ കേസെടുപ്പിച്ചു. കുറ്റസമ്മതം നടത്താനായി മറിയം റഷീദയെ കസ്റ്റഡിയിൽ വച്ച് പീഡിപ്പിച്ചു.

എസ്ഐടി കസ്റ്റഡിയിലുള്ളപ്പോൾ പോലും ഐബി ഉദ്യോഗസ്ഥർ നിയമവിരുദ്ധമായി ചോദ്യം ചെയ്തു. വ്യാജ രേഖകൾ ഉണ്ടാക്കിയത് അന്വേഷണ സംഘത്തിലുണ്ടായിരുന്ന സിഐ കെ. കെ. ജോഷ്വയായിരുന്നുവെന്നും കുറ്റപത്രത്തിൽ പറയുന്നു. സിബി മാത്യൂസിന് വേണ്ടിയാണ് ഇയാൾ കൃത്രിമരേഖ ഉണ്ടാക്കിയതെന്നാണ് കണ്ടെത്തൽ.

തെളിവുകളൊന്നുമില്ലാതെയാണ് നമ്പി നാരായണനെ അറസ്റ്റ് ചെയ്തതെന്നും സിബിഐ പറയുന്നു. ഗൂഢാലോചന കുറ്റപത്രത്തിലാണ് സിബിഐയുടെ കണ്ടെത്തൽ. മുൻ ഐബി ഉദ്യോഗസ്ഥൻ ജയപ്രകാശ് കസ്റ്റഡിയിൽ വെച്ച് നമ്പി നാരായണനെ മർദിച്ചുവെന്നും സിബിഐയുടെ കുറ്റപത്രത്തിൽ പറയുന്നു.

# ഇന്ത്യസിംബാബ്വെ മൂന്നാം ടി20; ഇന്ത്യക്ക് ജയം

ഹരാരെ: ഇന്ത്യസിംബാബ്വെ മൂന്നാം ടി20 മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. 23 റൺസിന്റെ ജയമാണ് ഇന്ത്യ സിംബാബ്വെയ്ക്കെതിരേ നേടിയത്. ഇതോടെ തുടർച്ചയായ രണ്ടാം ജയം നേടി ഇന്ത്യ പരമ്പരയിൽ മുന്നിലെത്തി.

ടോസ് നേടി ആദ്യ ബാറ്റിംഗിനിറങ്ങിയ ഇന്ത്യ 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 182 എന്ന സ്കോർ പടുത്തുയർത്തി. പിന്നാലെ മറുപടി ബാറ്റിംഗിനിറങ്ങിയ സിംബാബ്വെയ്ക്ക് ഇന്ത്യയുടെ സ്കോർ മറികടക്കാനായില്ല.

20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 159 റൺസ് മാത്രമാണ് സിംബാബ്വെയ്ക്ക് നേടാനായത്. 37 റൺസ് എടുത്ത മദാണ്ടെയും 65 റൺസ് എടുത്ത മയേർസും മാത്രമാണ് സിംബാബ്വെക്ക് ആയി തിളങ്ങിയത്. അവസാനം മയേർസ് ഒറ്റയ്ക്ക് പൊരുതി എങ്കിലും ഇന്ത്യയുടെ സ്കോർ മറികടക്കാനായില്ല. ഇന്ത്യക്ക് വേണ്ടി വാഷിംഗ്ടൺ സുന്ദർ മൂന്ന് വിക്കറ്റും ആവേശ് ഖാൻ രണ്ടു വിക്കറ്റും വീഴ്ത്തി. ഖലീൽ അഹമ്മദ് ഒരു വിക്കറ്റും നേടി. ഓപ്പണർമാരായ ജൈസ്വാൾ ഗിൽ കൂട്ടുകെട്ട് 67 റൺസ് നേടി.

പിന്നീട് ബാറ്റിംഗിനിറങ്ങിയ അഭിഷേക് ശർമയെയും റാസ പുറത്താക്കി. തുടർന്ന് നേടി ഗിൽ ഗായക്വാഡ് കൂട്ടുകെട്ടാണ് 72 റൺസ് നേടി മൂന്നാം വിക്കറ്റിൽ ഇന്ത്യയെ മുന്നോട്ട് നയിച്ചത്.

# ഹൃദയത്തിലെ ദ്വാരം സ്റ്റെന്റ് വഴി അടച്ച് കോട്ടയം മെഡിക്കൽ കോളേജിൽ അതിനൂതന ശസ്ത്രക്രിയ

ഹൃദയത്തിൽ ജന്മനായുള്ള ദ്വാരമായ സൈനസ് വിനോസസ് എ.എസ്.ഡി., കാർഡിയോളജി ഇന്റർവെൻഷണൽ പ്രൊസീജ്യറിലൂടെ അടച്ച് കോട്ടയം മെഡിക്കൽ കോളേജിൽ നടത്തിയ അതിനൂതന ശസ്ത്രക്രിയ വിജയം. ആൻജിയോപ്ലാസ്റ്റി പോലെ താക്കോൽ ദ്വാര സുഷിരം വഴി സ്റ്റെന്റ് ഘടിപ്പിച്ചാണ് ശസ്ത്രക്രിയ നടത്തിയത്. പാലാ സ്വദേശിനിയായ 42 കാരിയ്ക്കാണ് ഇന്റർവെൻഷണൽ പ്രൊസീജ്യർ നടത്തിയത്. സാധാരണ സങ്കീർണ ഹൃദയശസ്ത്രക്രിയ വഴി അടയ്ക്കുന്ന ദ്വാരമാണ് നൂതന ചികിത്സാ രീതിയായ സ്റ്റെന്റ് ഉപയോഗിച്ച് കാത്ത് ലാബിൽ അടച്ചത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ കോട്ടയം മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളെയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഹൃദയത്തിൽ ജന്മനായുള്ള പ്രശ്നമായതിനാൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിലാണ് കഴിഞ്ഞ ശനിയാഴ്ച ശസ്ത്രക്രിയ നടത്തിയത്. താക്കോൽദ്വാര ശസ്ത്രക്രിയയായതിനാൽ രക്തസ്രാവം ഒഴിവാക്കാനായി. അതിനാൽ രക്തം നൽകേണ്ടി വന്നതുമില്ല. ശസ്ത്രക്രിയ പോലെ അധികം വിശ്രമവും ആവശ്യമില്ല. തീവ്രപരിചരണത്തിന് ശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തു.

പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. അനിൽ എസ്.ആർ., അസി. പ്രൊഫസർ ഡോ. ഹരിപ്രിയ ജയകുമാർ, അനസ്തീഷ്യോളജിസ്റ്റ് ഡോ. സജി കെ.എം., കാത്ത് ലാബ് ടെക്നീഷ്യൻ അനു, സന്ധ്യ, ജയിൻ, അനസ്തീഷ്യ ടെക്നീഷ്യൻ അരുൺ, സീനിയർ നഴ്സ് സുസൻ എന്നിവരാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്.

## ദളിത് യുവതിക്ക് നീതി കിട്ടിയില്ല, ആ പോലീസ് സ്റ്റേഷൻ അടച്ചുപൂട്ടണം: സതീശൻ

തിരുവനന്തപുരം: ആലപ്പുഴ പൂച്ചാക്കലിൽ പട്ടാപ്പകൽ ദളിത് പെൺകുട്ടിയെ ആക്രമിച്ച സംഭവത്തിൽ പരാതി നൽകിയിട്ടും അന്വേഷിക്കാത്ത ആ പോലീസ് സ്റ്റേഷൻ അടച്ചുപൂട്ടണമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. പെൺകുട്ടിയെ ആക്രമിച്ചവരെ 48 മണിക്കൂർ കഴിഞ്ഞിട്ടും അറസ്റ്റ് ചെയ്യാത്ത പോലീസ് സ്റ്റേഷൻ എന്തിനാണെന്ന് സതീശൻ ചോദിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ സിപിഎം നേതാക്കൾ പ്രതികളാകുന്നുവെന്ന് ഉന്നയിച്ചുകൊണ്ടുള്ള അടിയന്തരപ്രമേയ നോട്ടീസിൽ സഭയിൽ സംസാരിക്കുകയായിരുന്നു സതീശൻ. പൂച്ചാക്കലിലെ പ്രതികൾ സിപിഎം നേതാക്കളായതിനാലാണ് അറസ്റ്റ് ചെയ്യാത്തതെന്നും സതീശൻ ആരോപിച്ചു.

പെൺകുട്ടികളുടെ പടം മോർഫ് ചെയ്ത മുൻ എസ്എഫ്ഐ നേതാവിനെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കുകയാണ് ചെയ്തത്. മെഡിക്കൽ കോളജിലെ ഐസിയു പീഡനക്കേസിൽ ഇരയ്ക്കൊപ്പം നിന്ന ആളെ സ്ഥലം മാറ്റിയ ആളാണ് ആരോഗ്യമന്ത്രി. കാപ്പ കേസ് പ്രതിയെ മാലയിട്ട് സ്വീകരിച്ച മന്ത്രി തങ്ങളെ പഠിപ്പിക്കാൻ വരേണ്ടെന്നും സതീശൻ വിമർശിച്ചു. അതേസമയം അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി.

## പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചു

സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഹൈസ്കൂളുകളിലെ പ്രധാനാധ്യാപകരുടെ 202425 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോം, നിർദേശങ്ങൾ അടങ്ങിയ സർക്കുലർ എന്നിവ www.education.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പ്ലേസ്മെന്റ് ഡ്രൈവ് ജൂലൈ 20ന്

തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ 20ന് രാവിലെ 10 മുതൽ സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും. വിവിധ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് പ്ലസ്ടു, ഡിഗ്രി, ഡിപ്ലോമ, ഐ.ടി.ഐ, ബി.ടെക് യോഗ്യതയുള്ള ഉദ്യോഗാർഥികൾക്കാണ് പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നത്. ഉദ്യോഗാർഥികൾ 19ന് ഉച്ചയ്ക്ക് ഒരു മണിയ്ക്ക് മുൻപ് വഴ്യേ://യശര.ഹ്യ/ഖഡഘലഥജഘ24 വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക്: www.facebook.com/MCCTVM, 0471-2304577

## വിമുക്തഭടന്മാർക്കും ആശ്രിതർക്കും സൗജന്യ കോഴ്സുകൾ

വിമുക്തഭടന്മാർക്കും ആശ്രിതർക്കുമായി സൈനിക ക്ഷേമ വകുപ്പും ഐ.സി.ടി അക്കാദമി ഓഫ് കേരളയും സംയുക്തമായി ഒരു മാസം ദൈർഘ്യമുള്ള മൊബൈൽ ഫോൺ ടെക്നോളജി കോഴ്സ് നടത്തും. തിരുവനന്തപുരം ജില്ലയിലാണ് ഈ കോഴ്സ് നടത്തുന്നത്. വീഡിയോ എഡിറ്റിങ് കോഴ്സ് എറണാകുളം ജില്ലയിലും സൗജന്യമായി നടത്തും. താത്പര്യമുള്ളവർ 25ന് മുമ്പ് സൈനിക ക്ഷേമ ഡയറക്ടറേറ്റിന്റെ d-swp-l-an-fun-d2024@gm-a-i-l.com എന്ന മെയിലിൽ ബയോഡേറ്റ സഹിതം അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക്: 0471 2304980, 9567126304

## വാക്ഇൻഇന്റർവ്യൂ

കോഴിക്കോട് സിറ്റി ഡി.എച്ച്.ക്യൂവിൽ നിലവിൽ ഒഴിവുള്ള ക്യാമ്പ് ഫോളോവർ (കുക്ക്, സ്വീപ്പർ, ധോബി) തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് വാക്ഇൻ ഇന്റർവ്യൂ നടത്തും. താത്പര്യമുള്ളവർ അപേക്ഷ, ബയോഡാറ്റ, ആധാർ കാർഡ്, ആധാർ കാർഡിന്റെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം 15ന് രാവിലെ 10.30ന് മാലൂർക്കുന്നിലെ കോഴിക്കോട് സിറ്റി ഡി.എച്ച്.ക്യൂവിൽ അഭിമുഖത്തിന് എത്തണം.

# എൻ.ആർ.ഐ സീറ്റുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ എറണാകുളം (0484 2575370, 8547005097) ചെങ്ങന്നൂർ (0479 2454125, 8547005032), അടൂർ (04734230640, 8547005100), കരുനാഗപ്പള്ളി (0476 2665935, 8547005036), കല്ലൂപ്പാറ (0469 2678983, 8547005034), ചേർത്തല (0478 2553416, 8547005030), ആറ്റിങ്ങൽ (0470 2627400, 8547005037), കൊട്ടാരക്കര (0474 2453300, 8547005039) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിങ് കോളേജുകളിലേയ്ക്ക് 2024 25 അധ്യയന വർഷത്തിൽ എൻ.ആർ.ഐ. സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ https://nri.ihrd.ac.in എന്ന വെബ്സൈറ്റ് അല്ലെങ്കിൽ മേൽ പറഞ്ഞ കോളേജുകളുടെ വെബ്സൈറ്റ് വഴി (പ്രോസ്പെക്ട്സ് പ്രകാരമുള്ള) ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ജൂലൈ 5ന് രാവിലെ 10 മണി മുതൽ ജൂലൈ 26ന് വൈകിട്ട് 5 മണിവരെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം.

ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 1000 രൂപയുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായോ/ ബന്ധപ്പെട്ട പ്രിൻസിപ്പലിന്റെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം ജൂലൈ 29ന് വൈകുന്നേരം 5 മണിക്ക് മുൻപ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കേണ്ടതാണ്.

വിശദവിവരങ്ങൾ 8547005000 എന്ന ഫോൺ നമ്പറിലും ഐ.എച്ച്.ആർ.ഡി. വെബ്സൈറ്റായ www.ihrd.ac.in മുഖാന്തിരവും ലഭ്യമാണ്.

# വിവാഹമോചിതയായ മുസ്‌ലിം സ്ത്രീക്ക് ജീവനാംശത്തിന് അവകാശം: നിർണായക വിധിയുമായി സുപ്രീം കോടതി

ന്യൂഡൽഹി: വിവാഹമോചിതയായ മുസ്‌ലിം സ്ത്രീക്ക് ക്രിമിനൽ നടപടിച്ചട്ടത്തിലെ സെക്ഷൻ 125 പ്രകാരം ഭർത്താവിൽ നിന്ന് ജീവനാംശം തേടാൻ അവകാശമുണ്ടെന്ന് സുപ്രീം കോടതി. മുൻ ഭാര്യക്ക് 10, 000 രൂപ ഇടക്കാല ജീവനാംശം നൽകാനുള്ള തെലുങ്കാന ഹൈക്കോടതിയുടെ നിർദേശത്തെ ചോദ്യം ചെയ്ത് മുസ്‌ലിം യുവാവ് സുപ്രീം കോടതിയിൽ നൽകിയ ഹർജിയിലാണ് വിധി.

മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചന അവകാശങ്ങൾ സംരക്ഷിക്കൽ നിയമം, സിആർപിസി പോലെയുള്ള മതേതരമായ നിയമത്തിന് മേലെ നിലനിൽക്കില്ലെന്ന് യുവാവിൻറെ ഹർജി തള്ളിക്കൊണ്ട് കോടതി വ്യക്തമാക്കി.

ജസ്റ്റീസുമാരായ ബി. വി. നാഗരത്ന, അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് സുപ്രധാനമായ ഉത്തരവ്. വിവാഹിതരായ സ്ത്രീകൾക്ക് മാത്രമല്ല, എല്ലാ സ്ത്രീകൾക്കും സെക്ഷൻ 125 ബാധകമാകുമെന്ന നിഗമനത്തോടെയാണ് ക്രിമിനൽ അപ്പീൽ തള്ളുന്നതെന്ന് ജസ്റ്റീസ് നാഗരത്ന പറഞ്ഞു. മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചനത്തിനുള്ള 1986ലെ നിയമത്തിൻറെ അടിസ്ഥാനത്തിലാകണം ജീവനാംശം തീരുമാനിക്കേണ്ടതെന്ന വാദം സുപ്രീം കോടതി തള്ളി. ജീവനാംശം ദാനമല്ലന്നും സ്ത്രീകളുടെ അവകാശമാണെന്നും ജസ്റ്റീസ് ബി. വി. നാഗരത്ന പറഞ്ഞു, ജീവനാംശം തേടുന്നതിനുള്ള നിയമം മതം നോക്കാതെ വിവാഹിതരായ എല്ലാ സ്ത്രീകൾക്കും ബാധകമാണെന്നും ബെഞ്ച് വ്യക്തമാക്കി. ഭാര്യയെ പരിപാലിക്കുക എന്നത് ജീവകാരുണ്യമല്ലെന്നും വിവാഹിതരായ സ്ത്രീകളുടെ അവകാശമാണെന്നും കോടതി പറഞ്ഞു.

സെക്ഷൻ 125 സിആർപിസി പ്രകാരം ഒരു മുസ്‌ലീം സ്ത്രീ വിവാഹമോചനം നേടിയാൽ, അവർക്ക് മുസ്‌ലീം സ്ത്രീകളുടെ (വിവാഹാവകാശ സംരക്ഷണം) നിയമം 2019നെ ആശ്രയിക്കാമെന്നും കോടതി വിധിച്ചു.

ഇരുജഡ്ജിമാരും പ്രത്യേക വിധികൾ എഴുതിയെങ്കിലും ക്രിമിനൽ നടപടി ചട്ടത്തിലെ 125ാം വകുപ്പ് പ്രകാരം കേസ് നൽകാമെന്ന കാര്യത്തിൽ ഏകാഭിപ്രായമാണ് പുലർത്തിയത്.

# കവു ഭീകരാക്രമണം; സൈനികരുടെ ജീവത്യാഗം വെറുതെയാകില്ലെന്നു കേന്ദ്രം

ന്യൂഡൽഹി: കവു ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട സൈനികരുടെ ജീവത്യാഗത്തിന് പ്രതികാരം ചെയ്യാതെ പോകില്ലെന്ന് കേന്ദ്ര പ്രതിരോധ വകുപ്പ് ഔദ്യോഗിക വക്താവ് ഭരത് ഭൂഷൺ ബാബു.

രാജ്യത്തിനായി ജീവൻ ത്യജിച്ച സൈനികരുടെ നിസ്വാർഥ സേവനം രാജ്യം എന്നും ഓർമിക്കുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. അക്രമികൾക്കെതിരേ ഇന്ത്യയുടെ ഭാഗത്തുനിന്ന് തിരിച്ചടിയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

രാഷ്ട്രപതി ദ്രൗപദി മുർമുവും സൈനികർക്ക് അനുശോചനം രേഖപ്പെടുത്തി. സൈന്യത്തിനു നേരേ ഭീകരർ നടത്തിയ ആക്രമണം അപലപനീയവും പ്രതിരോധ നടപടി അർഹിക്കുന്നതാണെന്നും രാഷ്ട്രപതി പ്രതികരിച്ചു.

വീരമൃത്യു വരിച്ച സൈനികരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നതായും പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും രാഷ്ട്രപതി പറഞ്ഞു. ആക്രമണത്തിൽ അപലപിക്കുന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സമൂഹമാധ്യമത്തിൽ കുറിച്ചു.

ഒരുമാസത്തിനുള്ളിൽ സൈനികർക്കു നേരേ നടക്കുന്ന അഞ്ചാമത്തെ ആക്രമണമാണിതെന്നും പൊള്ളയായ വാഗ്ദാനങ്ങളല്ല ശക്തമായ നടപടികളാണു രാജ്യത്തെ സൈനികരെ സംരക്ഷിക്കാൻ ആവശ്യമെന്നും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പ്രതികരിച്ചു. മാതൃരാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച സൈനികർക്ക് ആദരാഞ്ജലി അർപ്പിക്കുന്നതായും രാഹുൽ പറഞ്ഞു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ജമ്മുകാഷ്മീരിലെ നേതാക്കളായ ഒമർ അബ്ദുള്ള, മെഹബൂബ മുഫ്തി, ഗുലാം നബി ആസാദ് തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തുകയും സൈനികരുടെ സുരക്ഷയിൽ ആശങ്ക രേഖപ്പെടുത്തുകയും ചെയ്തു.

## ഷൂട്ടിംഗിനിടെ നടി ഉർവശി റൗട്ടേലയ്ക്ക് ഗുരുതര പരിക്ക്

ഹൈദരാബാദ്: സിനിമാ ചിത്രീകരണത്തിനിടെയുണ്ടായ അപകടത്തിൽ നടി ഉർവശി റൗട്ടേലയ്ക്ക് ഗുരുതരമായി പരിക്കേറ്റു. നടിയെ ഹൈദരാബാദിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്ന് ഫ്രീ പ്രെസ് ജേണൽ റിപ്പോർട്ട് ചെയ്തു. നന്ദമൂരി ബാലകൃഷ്ണ നായകനാവുന്ന എൻബികെ109 എന്ന് താൽക്കാലികമായി പേരിട്ട ചിത്രത്തിലെ സംഘട്ടനരംഗം ചിത്രീകരിക്കുന്നതിനിടെയായിരുന്നു അപകടം. അപകട വിവരം ഉർവശി റൗട്ടേലയുടെ ടീം സ്ഥിരീകരിച്ചു. എല്ലിന് പൊട്ടലുണ്ടെന്നും മികച്ച ചികിത്സയാണ് ഉർവശിക്ക് നൽകിവരുന്നതെന്നും അവർ അറിയിച്ചു.ബാലകൃഷ്ണയെ നായകനാക്കി ബോബി കൊല്ലി സംവിധാനം ചെയ്യുന്ന ചിത്രമാണ് എൻബികെ 109.ദുൽഖർ സൽമാനും ചിത്രത്തിൽ ഒരു മുഖ്യവേഷത്തിലുണ്ടെന്നാണ് റിപ്പോർട്ട്. പ്രകാശ് രാജാണ് മറ്റൊരു പ്രധാനകഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

## മുതലപ്പൊഴിയിൽ വീണ്ടും വള്ളംമറിഞ്ഞു; മത്സ്യത്തൊഴിലാളികൾ രക്ഷപ്പെട്ടു

തിരുവനന്തപുരം: മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞ് അപകടം. ഇന്ന് രാവിലെ 10: 30 ഓടെയാണ് സംഭവം. പെരുമാതുറ സ്വദേശി സലീമിൻറെ ഫിർദൗസ് എന്ന വള്ളം മറിഞ്ഞത്. മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ച് വരുമ്പോൾ പൊഴി മുറിച്ച് കടക്കുന്നതിനിടെ ശക്തമായ തിരയിൽപ്പെട്ട് വള്ളം മറിയുകയായിരുന്നു. വള്ളം പൂർണമായും തകർന്നെങ്കിലും വെള്ളത്തിൽ വീണ നാലുപേരും അദ്ഭുതകരമായി രക്ഷപ്പെട്ടു. നാട്ടുകാരും കോസ്റ്റൽ പോലീസും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്. അപകടങ്ങൾ തുടർക്കഥയായ മുതലപ്പൊഴിയിൽ ഇതുവരെ എൺപതോളം പേർ മരിച്ചുവെന്നാണ് അനൗദ്യോഗിക കണക്ക്.

## സിക്കിമിലെ ഒരേയൊരു പ്രതിപക്ഷ എംഎൽഎയും ഭരണപക്ഷത്ത് ചേർന്നു

ഗ്യാംഗ്ടോക്: സിക്കിമിലെ ഒരേയൊരു പ്രതിപക്ഷ എംഎൽഎയായ ടെൻസിംഗ് നൊർബു ലാംത്ത ഭരണപക്ഷത്ത് ചേർന്നു. ബുധനാഴ്ചയാണ് സിക്കിം ഡെമോക്രാറ്റിക് പാർട്ടിയിൽ അംഗമായിരുന്ന ടെൻസിംഗ് പാർട്ടി അംഗത്വം രാജിവച്ച് സിക്കിം ക്രാന്തി മോർച്ചയിൽ ചേർന്നത്. സ്യാരി മണ്ഡലത്തിൽ നിന്നുള്ള എംഎൽഎയാണ് ടെൻസിംഗ്. എസ്കെഎമ്മിലെ മുതിർന്ന നേതാവ് കുംഗ നിമ ലെപ്ച്ചയെ തോൽപ്പിച്ചാണ് അദ്ദേഹം എംഎൽഎ ആയത്.സിക്കിം നിയമസഭയിലേക്ക് ഈ വർഷം നടന്ന തെരഞ്ഞെടുപ്പിൽ ആകെയുള്ള 32 സീറ്റുകളിൽ 31 സീറ്റിലും സിക്കിം ക്രാന്തി മോർച്ചയാണ് വിജയിച്ചത്. ടെൻസിംഗ് കൂടി എത്തിയതോടെ സംസ്ഥാനത്ത് പ്രതിപക്ഷം ഇല്ലാതെയായി.

## മുദ്രപ്പത്രക്ഷാമം പരിഹരിക്കാൻ അടിയന്തരനടപടി

സംസ്ഥാനത്ത് മുദ്രപ്പത്രക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ബന്ധപ്പെട്ടവരുടെ അടിയന്തര യോഗം വിളിച്ചു. രജിസ്ട്രേഷൻ, ട്രഷറി, സ്റ്റാമ്പ് ഡിപ്പോ മേധാവികളുടെ യോഗത്തിൽ ചെറിയ മൂല്യങ്ങളുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമമുള്ള പ്രദേശങ്ങളിൽ അവ എത്രയും പെട്ടെന്ന് എത്തിച്ച് വിതരണം ചെയ്യാൻ മന്ത്രി നിർദേശം നൽകി. ട്രഷറി വകുപ്പാണ് സ്റ്റാമ്പ് ഡിപ്പോ മുഖേന സംസ്ഥാനത്ത് മുദ്രപ്പത്രം വിതരണ നടത്തുന്നത്. ഇ സ്റ്റാമ്പിങ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി മുദ്രക്കടലാസുകൾ അച്ചടിക്കുന്നില്ല. അതുകൊണ്ട് കൂടുതൽ സ്റ്റോക്കുള്ള ജില്ലകളിലെ ട്രഷറികളിൽ നിന്നും ദൗർലഭ്യമുള്ള സ്ഥലങ്ങളിലേക്ക് മുദ്രപ്പത്രങ്ങൾ എത്തിച്ച് പ്രശ്നത്തിന് പരിഹാരം കാണാനും നിർദേശിച്ചിട്ടുണ്ട്. ഇ സ്റ്റാമ്പിങ് ഏർപ്പെടുത്തുന്ന നടപടികൾ ത്വരിതപ്പെടുത്താനും തീരുമാനമെടുത്തു.

## സ്പെഷ്യൽ എജ്യൂക്കേഷൻ ഫാക്കൽറ്റി അഭിമുഖം 12 ന്

കാസർകോട് സർക്കാർ സ്പെഷ്യൽ ടീച്ചർ ട്രെയിനിങ് സെന്ററിൽ നിലവിലുള്ള ഫാക്കൽറ്റി ഇൻ സ്പെഷ്യൽ എജ്യൂക്കേഷൻ തസ്തികയിലെ ഒരു ഒഴിവിലേക്ക് 2024 25 വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് ജൂലൈ 12ന് ഉച്ചയ്ക്ക് രണ്ടിന് കാസർകോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ കൂടിക്കാഴ്ച നടത്തും താൽപര്യമുള്ള ഉദ്യോഗാർഥികൾ ആർസിഐ നിർദ്ദേശിക്കുന്ന നിശ്ചിത യോഗ്യതയുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൂടിക്കാഴ്ചയിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക്: 8606236253.

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഇടുക്കി സിറ്റിങ് ഇന്ന്

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ജൂലൈ 11ന് രാവിലെ 11 മണിക്ക് ഇടുക്കി ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിങ് നടത്തും. സിറ്റിങ്ങിൽ ഇടുക്കി ജില്ലയിൽ നിന്നുള്ള പുതിയ പരാതികൾ സ്വീകരിക്കും.

## കൂൺ വിത്തുൽപാദന പരിശീലനം

കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ 'സംരംഭകത്വത്തിനായി കൂൺ വിത്തുൽപാദനം' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ജൂലൈ മാസം നാലാം വാരം നടത്തും. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് അവസരം ഉണ്ടായിരിക്കും. താത്പര്യമുള്ളവർ 9446104347, 9645219270 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം.

## ബി.ടെക് ലാറ്ററൽ എൻട്രി ; ഓപ്ഷൻ സമർപ്പണം ജൂലൈ 12 വരെ

സംസ്ഥാനത്തെ സർക്കാർ/ സ്വാശ്രയ കോളേജുകളിലേക്ക് 202425 അധ്യയന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി (റെഗുലർ) പ്രവേശനത്തിനുള്ള കോളേജ് ലിസ്റ്റ് ൦൦൦.ഹയരെലി്യല.സലൃമഹമ.ഴീ.ശി ൽ ലഭ്യമാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്കായുള്ള ഓപ്ഷൻ സമർപ്പണം ഓൺലൈനായി ആരംഭിച്ചു. ഓപ്ഷനുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 12. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712324396, 2560327, 2560363, 2560364.

## മണിപ്പൂരി കുട്ടികളെ സ്കൂളിലേക്കും സർക്കാർ ഹോമിലേയ്ക്കും മാറ്റി: ബാലാവകാശ കമ്മിഷൻ

പത്തനംതിട്ട ജസ്റ്റിൻ ഹോമിൽ അനുമതിയില്ലാതെ മണിപ്പൂരി കുട്ടികളെ താമസിപ്പിക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് ഒമ്പത് പെൺകുട്ടികളെ നിക്കോൾസൺ സ്കൂളിലും, 19 ആൺകുട്ടികളെ കൊല്ലം സർക്കാർ ഹോമിലേയ്ക്കും മാറ്റിയതായി ബാലവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അറിയിച്ചു. കമ്മിഷൻ അംഗങ്ങളായ എൻ. സുനന്ദ, കെ.കെ.ഷാജു എന്നിവർ നിക്കോൾസൺ സിറിയൻ സെൻട്രൽ സ്കൂളിൽ സന്ദർശനം നടത്തിയപ്പോഴാണ് അനുമതിയില്ലാതെ മണിപ്പൂരി കുട്ടികളെ ജസ്റ്റിൻ ഹോമിൽ താമസിപ്പിക്കുന്നതായി വിവരം ലഭിച്ചത്. സ്ഥാപനത്തിൽ കുട്ടികൾ സുരക്ഷിതരല്ലായെന്ന് കണ്ടെത്തിയ കമ്മിഷൻ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, പൊലീസ് എന്നിവർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്നാണ് നടപടി. മണിപ്പൂരി കുട്ടികളുടെ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കണമെന്നുള്ള മണിപ്പൂർ ബാലാവകാശ കമ്മിഷന്റെ ആവശ്യത്തെ ടുർന്നാണ് കമ്മിഷന്റെ ഇടപെടൽ.

# ശംഭു അതിർത്തിയിലെ ബാരിക്കേഡുകൾ നീക്കാൻ ഹൈക്കോടതി ഉത്തരവ്

ചണ്ഡീഗഢ്: കർഷക പ്രതിഷേധത്തെ ചെറുക്കാൻ മാസങ്ങൾക്ക് മുമ്പ് ശംഭു അതിർത്തിയിൽ സ്ഥാപിച്ച ബാരിക്കേഡുകൾ നീക്കം ചെയ്യാൻ സംസ്ഥാന സർക്കാരിന് നിർദേശം നൽകി പഞ്ചാബ്ഹരിയാന ഹൈക്കോടതി. ഒരാഴ്ചയ്ക്കുള്ളിൽ നടപടി പൂർത്തിയാക്കണമെന്നാണ് കോടതി നിർദേശം.

സമാധാനപരമായ പ്രതിഷേധം നടത്തുന്ന കർഷകരെ തടയാനായി ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങൾക്കിടയിൽ സ്ഥാപിച്ചിരിക്കുന്ന അനധികൃത ബാരിക്കേഡുകൾ നീക്കണമെന്നാണ് കോടതി ആവശ്യപ്പെട്ടത്. ബാരിക്കേഡുകൾ നീക്കുന്നത് ഇരു സംസ്ഥാനങ്ങളും സഹകരിക്കണമെന്നും ഉത്തരവിൽ പറയുന്നു. ബാരിക്കേഡുകൾ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക്, സ്ഥിരയാത്രക്കാർക്കുണ്ടാകുന്ന യാത്രാക്ലേശം എന്നിവ സംബന്ധിച്ച ആശങ്കകൾ വർധിച്ച സാഹചര്യത്തിലാണ് കോടതി ഉത്തരവ്. ഇതുസംബന്ധിച്ച് സത്യവാങ്മൂലം സമർപ്പിക്കാൻ രണ്ട് സംസ്ഥാനങ്ങളോടും കോടതി നേരത്തെ നിർദേശിച്ചിരുന്നു. ബാരിക്കേഡുകൾ എത്ര നാൾ വരെ തുടരാണ് തീരുമാനമെന്നതിൽ വ്യക്തമായ തീരുമാനം അറിയിക്കണമെന്നും കോടതി ആവശ്യപ്പെട്ടിരുന്നു.

ഫെബ്രുവരിയിലാണ് വിളകൾക്ക് മിനിമം താങ്ങുവില ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ ഡൽഹിയിലേക്ക് കർഷകരുടെ പ്രതിഷേധ മാർച്ച് ആരംഭിച്ചത്. തുടർന്ന് പ്രതിഷേധക്കാരെ തടയാനായി ഹരിയാന സർക്കാർ അംബാലന്യൂഡൽഹി ദേശീയപാതയിൽ ബാരിക്കേഡുകൾ സ്ഥാപിക്കുകയായിരുന്നു. ഇതേ ചൊല്ലി കർഷകരും പൊലീസും തമ്മിൽ വലിയ രീതിയിലുള്ള സംഘർഷങ്ങൾ അരങ്ങേറിയിരുന്നു.

# മോദിയുടെ റഷ്യൻ സന്ദർശനത്തെ വിമർശിച്ച് സെലൻസ്കി

കീവ്: രാജ്യത്തിനെതിരേ റഷ്യൻസേന അതിക്രൂര ആക്രമണം അഴിച്ചുവിട്ട ദിവസം ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി മോസ്കോയിലെത്തി റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിനുമായി ചർച്ച നടത്തിയതിനെ വിമർശിച്ച് യുക്രെയ്ൻ പ്രസിഡൻറ് വ്ളോമിദിർ സെലൻസ്കി.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിൻറെ തലവൻ കെട്ടിപ്പിടിച്ചത് ലോകത്തിലെ ഏറ്റവും വലിയ ക്രിമിനലിനെയാണ്. ഇതിൽ നിരാശയുണ്ടെന്നും സമാധാനശ്രമത്തിനുള്ള വലിയ തിരിച്ചടിയാണിതെന്നും സെലൻസ്കി എക്സിൽ കുറിച്ചു.

മോദിയുടെ സന്ദർശനദിവസം കീവിലെ കുട്ടികളുടെ ആശുപത്രിക്കുനേരെ ഉൾപ്പെടെ റഷ്യൻ സേന നടത്തിയ വ്യോമാക്രമണത്തിൽ മൂന്നു കുട്ടികളടക്കം 38 പേർ കൊല്ലപ്പെട്ടെന്നും ഇതേദിവസംതന്നെ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ റഷ്യ നടത്തിയ ആക്രമണങ്ങളിൽ മറ്റേണിറ്റി ആശുപത്രികളും സ്കൂളുകളും ഉൾപ്പെടെ നൂറോളം കെട്ടിടങ്ങൾ തകർന്നതായും സെലൻസ്കി അറിയിച്ചു. ആക്രമണത്തിൽ തകർന്ന ആശുപത്രികളുടെയും സ്കൂളുകളുടെയും ദൃശ്യങ്ങളും സെലൻസ്കി എക്സിൽ പങ്കുവച്ചു.

തിങ്കളാഴ്ച റഷ്യ യുക്രെയിനിൽ നടത്തിയ ആക്രമണത്തെ വിമർശിച്ച് അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും രംഗത്തെത്തിയിട്ടുണ്ട്. റഷ്യൻ ക്രൂരതയുടെ മറ്റൊരു ഉദാഹരമാണ് കീവിലെ കുട്ടികളുടെ ആശുപത്രിയിലടക്കം നടത്തിയ ആക്രമണമെന്നും കീവിലെ വ്യോമപ്രതിരോധം ശക്തിപ്പെടുത്താൻ അമേരിക്ക പ്രതിജ്ഞാബദ്ധമാണെന്നും പ്രസിഡൻറ് ജോ ബൈഡൻ വ്യക്തമാക്കി.

യുക്രെയ്ൻറെ ആവശ്യത്തെത്തുടർന്ന് യുഎൻ സുരക്ഷാ കൗൺസിൽ അടിയന്തര യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. റഷ്യയുടെ ആക്രമണത്തെ യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് അപലപിച്ചു.

പുടിനുമായുള്ള കൂടിക്കാഴ്ചയിൽ യുക്രെയ്ൻറെ പരമാധികാരം മാനിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ആവശ്യപ്പെടണമെന്ന് കഴിഞ്ഞദിവസം അമേരിക്കൻ വിദേശകാര്യ വക്താവ് ആവശ്യപ്പെട്ടിരുന്നു.

# കൊച്ചിയിലെ കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കില്ല: മന്ത്രി റോഷി അഗസ്റ്റിൻ

തിരുവനന്തപുരം: കൊച്ചിയിലെ കുടിവെള്ള വിതരണം സ്വകാര്യവല്കരിക്കുമെന്ന ആശങ്ക അസ്ഥാനത്താണെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. കൊച്ചിയിലെ കുടിവെള്ള വിതരണത്തിനായുള്ള എഡിബി വായ്പയുമായി ബന്ധപ്പെട്ട് ജി എസ് ജയലാലിന്റെ ഉപക്ഷേപത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി.

കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കാനുള്ള ഒരു നീക്കവും സർക്കാരോ വാട്ടർ അതോറിട്ടിയോ നടത്തുന്നില്ല. എഡിബിയുമായുള്ള കരാറിൽ ഇത്തരം വ്യവസ്ഥകളുമില്ല. 2511 കോടി രൂപയുടെ വായ്പ സംസ്ഥാന സർക്കാരാണ് എടുക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മുമ്പും എഡിബിയുടെ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ താരിഫും വിതരണവും ബില്ലിങ്ങും അടക്കമുള്ള കാര്യങ്ങൾ തുടർന്നും വാട്ടർ അതോറിട്ടി നേരിട്ടു തന്നെയാകും കൈകാര്യം ചെയ്യുക. പരിപാലനം മാത്രമാണ് എഡിബിക്ക് നൽകുക. പൊതുജനങ്ങളെയും ജീവനക്കാരെയും ബോധ്യപ്പെടുത്താൻ കഴിയാത്ത ഒന്നും കരാറിൽ ഉണ്ടാകില്ലെന്നും മന്ത്രി അറിയിച്ചു.

കൊച്ചിയിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കാൻ അനിവാര്യമാണെന്ന് കണ്ടതിനാലാണ് പദ്ധതിയുമായി മുന്നോട്ടു പോകുന്നത്. 325 എംഎൽഡി ജലമാണ് ആലുവയിൽ നിന്നും മരടിൽ നിന്നും എടുത്ത് കൊച്ചിയിൽ വിതരണത്തിനായി കൊണ്ടുവരുന്നത്. എന്നാൽ ഇതിന്റെ പകുതി മാത്രമാണ് ബില്ല് ചെയ്യാൻ കഴിയുന്നത്. പഴകിയ ലൈനുകൾ മുതൽ ജല മോഷണം വരെയുള്ള പ്രശ്നങ്ങൾ കൊച്ചിയിൽ വാട്ടർ അതോറിട്ടി നേരിടുന്നുണ്ട്. ഇവയെല്ലാം പരിഹരിക്കാനുതകുന്ന തരത്തിലാകും ആദ്യ ഘട്ടം പ്രാവർത്തികമാക്കുക എന്നും റോഷി അഗസ്റ്റിൻ പറഞ്ഞു.

ഇതിന്റെ ഭാഗമായി പ്ലാന്റുകളും സംഭരണികളും നവീകരിക്കും. പരിപാലന ചുമതല മാത്രം പത്തു വർഷത്തേക്ക് എഡിബിയെ ഏൽപ്പിക്കാനാണ് സർക്കാരിന് പദ്ധതി. കുടിവെള്ള പ്രശ്നം പൂർണമായി പരിഹരിക്കുന്നതിന്റെ ഭാഗമായി ആലുവയിൽ 190 എംഎൽഡി ശുദ്ധീകരണശാല പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ശ്രമിക്കുന്നുണ്ട്. കരാറുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകൾ അടക്കം ആരുമായും ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്നും പദ്ധതിയെക്കുറിച്ചുള്ള ആശങ്കകൾ പൂർണമായി പരിഹരിച്ചാകും നടപ്പാക്കുകയെന്നും മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു.

# കൈക്കൂലിക്കേസ്: തൊടുപുഴ നഗരസഭ ചെയർമാനെ വിജിലൻസ് ചോദ്യം ചെയ്തു

തൊടുപുഴ: സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ നഗരസഭ അസി. എൻജിനിയർ ഒരുലക്ഷം രൂപ കൈക്കൂലി വാങ്ങിയ കേസിൽ രണ്ടാം പ്രതിയായ തൊടുപുഴ നഗരസഭ ചെയർമാൻ സനീഷ് ജോർജിനെ വിജിലൻസ് ചോദ്യം ചെയ്തു. മുട്ടം ഇടുക്കി വിജിലൻസ് യൂണിറ്റ് ഓഫീസിലെത്തിയ ചെയർമാനെ അന്വേഷകസംഘം നാലുമണിക്കൂറോളം ചോദ്യംചെയ്തു.കൈക്കൂലി നൽകാൻ സ്കൂൾ അധികൃതരെ പ്രേരിപ്പിച്ച കുറ്റത്തിനാണ് ചെയർമാനെതിരെ വിജിലൻസ് കേസെടുത്തത്. ഇത് ശരിയാണെന്ന് ചെയർമാൻ ഇന്നലെചോദ്യം ചെയ്യലിൽ സമ്മതിച്ചിട്ടുണ്ട്. എഇയെ പലവട്ടം താക്കീത് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം മൊഴി നൽകി. ചെയർമാൻറെ രണ്ട് ഫോണുകൾ വിജിലൻസ് പരിശോധിച്ചു.

ഫോണിലൂടെ നടത്തിയ പണമിടപാടുകളുടെ വിവരങ്ങളും ശേഖരിച്ചു. ചെയർമാൻറെ രണ്ട് ബാങ്ക് അക്കൗണ്ടുകളിലൂടെ നടത്തിയ പണമിടപാടുകളും പരിശോധിക്കും. അസി. എൻജിനിയറുമായി ചെയർമാൻ പണമിടപാട് നടത്തിയിട്ടുണ്ടോയെന്നും പരിശോധിക്കും. അതിന് ശേഷം വീണ്ടും ചെയർമാനെ വിളിപ്പിക്കുമെന്നും വിജിലൻസ് പറഞ്ഞു.

# ശനിയാഴ്ച പ്രവൃത്തിദിനം ഒഴിവാക്കൽ;നിയമനിർമാണം വേണമെന്നു മന്ത്രി

തിരുവനന്തപുരം: ഹൈസ്കൂൾ വരെയുള്ള ക്ലാസുകളിൽ ശനിയാഴ്ച അടക്കം 220 പ്രവൃത്തിദിനങ്ങളുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചത് ഹൈക്കോടതി ഉത്തരവു പ്രകാരമാണെന്നും അതു മറികടന്നു ശനിയാഴ്ചത്തെ പ്രവൃത്തിദിനം ഒഴിവാക്കാൻ നിയമനിർമാണം വേണ്ടിവരുമെന്നും മന്ത്രി വി.ശിവൻകുട്ടി നിയമസഭയിൽ പറഞ്ഞു.വിദ്യാഭ്യാസ ചട്ടപ്രകാരം വർഷം 220 അധ്യയനദിവസമുണ്ടായിരിക്കണം. ഈ അധ്യയന വർഷത്തിൽ 25 ശനിയാഴ്ചകൾ പ്രവൃത്തിദിനമാക്കി. ഇതിൽ ക്ലസ്റ്റർ പരിശീലനത്തിനുള്ള ആറ്, പരീക്ഷയ്ക്കിടെ വരുന്ന മൂന്ന്, ആഴ്ചയിൽ ആറ് പ്രവൃത്തിദിനം വരാത്ത 9, ആറു പ്രവൃത്തിദിനം വരുന്ന 7 വീതം ശനിയാഴ്ചകളുണ്ട്.കഴിഞ്ഞ വർഷം 13 ശനിയാഴ്ചകൾ പ്രവൃത്തിദിനമായിരുന്നു. ആഴ്ചയിൽ ആറാം പ്രവൃത്തിദിനം വരുന്ന ഏഴ് ശനിയാഴ്ചകൾ ഉൾപ്പെടുത്തിയത് 220 അധ്യയനദിനം തികയ്ക്കാനാണ്. ഇത് കെഇആർ പ്രകാരം നിയമപരമാണ്.ഓണം, ക്രിസ്മസ് ആഘോഷങ്ങൾക്ക് അടക്കം 38 ദിനങ്ങൾ 220 പ്രവൃത്തി ദിനങ്ങളിൽനിന്നു മാറ്റിവയ്ക്കേണ്ടിവരും. ശനിയാഴ്ചകളിലെ ആറ് ക്ലസ്റ്റർ യോഗങ്ങൾക്കുമുള്ള അവധികൂടിയാകു ന്പോൾ ഇത് 44 ആകും.അധ്യാപക സംഘടനകൾ ഹൈക്കോടതിയിൽ നൽകിയ ഹർജി തീർപ്പാക്കുന്പോൾഅന്തിമതീരുമാനമെടുക്കുമെന്നും എൽദോസ് പി. കുന്നിപ്പിള്ളിയുടെ സബ് മിഷന് മന്ത്രി മറുപടി നൽകി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മത്സ്യോത്പാദനത്തിൽ സംസ്ഥാനം ഇനിയും മെച്ചപ്പെടണം: മുഖ്യമന്ത്രി പിണറായി വിജയൻ

## മത്സ്യകർഷക അവാർഡുകൾ വിതരണം ചെയ്തു

മത്സ്യോത്പാദനത്തിൽ സംസ്ഥാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മത്സ്യകൃഷിയുടെ കാര്യത്തിൽ നാം നല്ല ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും മത്സ്യോത്പാദനത്തിൽ നാം ആഗ്രഹിക്കുന്ന രീതിയിലുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ദേശീയ മത്സ്യകർഷക ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മത്സ്യകർഷക സംഗമവും അവാർഡ് വിതരണവും ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

മത്സ്യഉപഭോഗം ശീലമാക്കിയവരാണ് കേരളത്തിലെ ഭൂരിഭാഗം പേരും. സംസ്ഥാനത്തെ മത്സ്യകൃഷിയിൽ പൊതുവേ നല്ല മാറ്റമുണ്ട്. പക്ഷേ ആ മാറ്റം കൊണ്ടു മാത്രം നമ്മൾ തൃപ്തിപ്പെട്ടുകൂട. ഇനിയും നാം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. കാലാവസ്ഥാവ്യതിയാനം പോലുള്ള പ്രശ്നങ്ങൾ മത്സ്യകൃഷിയെയും കടലിലെ മത്സ്യസമ്പത്തിനെയും ബാധിക്കുന്നുണ്ട്. മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിൽ നാം ഊന്നൽ നൽകണം. മത്സ്യകർഷക അവാർഡുകൾ ഈ മേഖലയിലുള്ളവർക്ക് പ്രചോദനം പകരണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. രാജ്യത്ത് ആദ്യമായി മത്സ്യങ്ങളിലെ പ്രേരിത പ്രജനനസാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തതിന്റെ ഓർമ്മയ്ക്കാണ് എല്ലാവർഷവും ജൂലൈ 10 ദേശീയ മത്സ്യകർഷക ദിനമായി ആചരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ മത്സ്യകൃഷിയുടെ കാര്യത്തിൽ കഴിഞ്ഞ രണ്ട് സർക്കാറുകളും സവിശേഷ ശ്രദ്ധ നൽകിയിട്ടുണ്ട്. 2016 17 കാലത്ത് സംസ്ഥാനത്തെ മത്സ്യോത്പാദനം 24000 മെട്രിക് ടണ്ണായിരുന്നിടത്ത് നിന്ന് ചിട്ടയായ പ്രവർത്തനത്തിലൂടെ 40850 മെട്രിക് ടണ്ണായി വർധിപ്പിക്കാനായി. നൂതനകൃഷി രീതികളിലൂടെ ഉത്പാദനക്ഷമത ഒരു ഹെക്ടറിന് ഒരു ടൺ എന്ന പരമ്പരാഗത നിലയിൽ നിന്ന് രണ്ട് സെന്റിൽ നിന്ന് ഒരു ടൺ എന്ന നിലയിലേക്ക് ഉയർത്താൻ സാധിച്ചു. സർക്കാറിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും കർഷകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഉണ്ടായ നേട്ടമാണിത്. 'എവിടെയെല്ലാം ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി' എന്ന നയമാണ് സർക്കാറിന്റേതെന്നും മന്ത്രി പറഞ്ഞു. മൂന്ന് വർഷത്തിനിടെ 24536 ഹെക്ടറിൽ മത്സ്യവിത്ത് സംഭരിച്ച് കൃഷി നടപ്പാക്കി. 13706 ഹെക്ടർ പാടശേഖരത്ത് ഒരു നെല്ലും ഒരു മീനും കൃഷി, 2349 ഹെക്ടറിൽ ചെമ്മീൻ കൃഷി, 7103 ഹെക്ടർ കുളങ്ങളിൽ ശാസ്ത്രീയ മത്സ്യകൃഷി എന്നിവ നടപ്പാക്കി. ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിന് 13 മത്സ്യഭവനുകൾ ആരംഭിച്ചതായും മന്ത്രി ചൂണ്ടിക്കാട്ടി. മത്സ്യകർഷകരുടെ എക്കാലത്തെയും വലിയ ആവശ്യമായിരുന്ന ഇൻഷുറൻസ് പരിരക്ഷാപദ്ധതി നടപ്പാക്കുന്നതിനുള്ള ചർച്ചകളുമായി സർക്കാർ മുന്നോട്ടുപോകുകയാണെന്നും മന്ത്രി പറഞ്ഞു.മത്സ്യകൃഷി മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിച്ച സംസ്ഥാനത്തെ കർഷകർക്കും ഫീൽഡ്തല ഉദ്യോഗസ്ഥർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ശുദ്ധജല മത്സ്യകർഷകരിൽ ഒന്നാം സ്ഥാനം നേടിയ കോട്ടയം സ്വദേശി മാത്തുക്കുട്ടി ബി ടിക്ക് മുഖ്യമന്ത്രി പുരസ്കാരം സമ്മാനിച്ചു. ബാക്കി അവാർഡ് ജേതാക്കൾക്ക് മന്ത്രി സജി ചെറിയാൻ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഓരുജല മത്സ്യകർഷകരിൽ ദിനേശൻ കെ ജി എറണാകുളം, ചെമ്മീൻ കർഷകരിൽ ടിവി കബീർ കണ്ണൂർ, നൂതന മത്സ്യ കർഷകരിൽ മുസ്തഫ കമ്പൻ കണ്ണൂർ, അലങ്കാര മത്സ്യ കർഷകരിൽ മുഹമ്മദ് ബിൻ ഫാറൂഖ് കൊല്ലം, പിന്നാമ്പുറ മത്സ്യകൃഷിയിൽ ബിനീഷ് വിവി കോട്ടയം എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അരുൺദാസ് മാടവന, കിരൺ ബി എന്നിവർ പ്രത്യേക പുരസ്കാരത്തിന് അർഹരായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയും പ്രൊമോട്ടർമാരിൽ ശ്രിൻഷ പ്രദീപനും മത്സ്യകൃഷി കോഓർഡിനേറ്റർമാരിൽ ആർ ജയരാജും ഫീൽഡ് ഓഫീസർമാരിൽ ജിബിന എംഎമ്മും ജില്ലകളിൽ തിരുവനന്തപുരവും ഒന്നാംസ്ഥാനം കരസ്ഥമാക്കി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സുരേഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി പി മുരളി, അവാർഡ് നിർണയ കമ്മിറ്റി ചെയർമാൻ ഡോ. കെ. കെ. അപ്പുക്കുട്ടൻ എന്നിവർ ആശംസ അർപ്പിച്ചു. ഫിഷറീസ് ഡയറക്ടർ അബ്ദുൽ നാസർ ബി റിപ്പോർട്ട് അവതരിപ്പിച്ചു. ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ് സ്വാഗതവും ഫിഷറീസ് അഡീഷണൽ ഡയറക്ടർ സ്മിത ആർ നായർ നന്ദിയും പറഞ്ഞു.

രാവിലെ 10 ന് ആരംഭിച്ച മത്സ്യകർഷക സംഗമത്തിൽ ഉൾനാടൻ മത്സ്യകൃഷി വികസനസാധ്യതകൾ, നൂതന മത്സ്യകൃഷി സാധ്യതകൾ എന്നീ വിഷയങ്ങളിൽ സെമിനാർ നടന്നു. ഫിഷറീസ് ജോ. ഡയറക്ടർമാരായ സലീം കെ എച്ച്, മഹേഷ് എസ് എന്നിവർ വിഷയാവതരണം നടത്തി.



ദേശീയ മത്സ്യകർഷക ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മത്സ്യകർഷക സംഗമവും അവാർഡ് വിതരണവും ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# റസ്റ്ററൻറുകൾ മുഖേന ബിയർ വില്പന: വിചിത്ര വാദവുമായി എക്സൈസ് വകുപ്പ്

കോഴിക്കോട്: ടൂറിസം സീസണിൽ സംസ്ഥാനത്തെ റസ്റ്ററൻറുകളും ഹോട്ടലുകളും കേന്ദ്രീകരിച്ച് ബിയർ വില്പന നടത്താനുള്ള തീരുമാനത്തെ ന്യായീകരിക്കാൻ വിചിത്രവാദവുമായി എക്സൈസ് വകുപ്പ്.

വിദേശ വിനോദ സഞ്ചാരികൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിലെ അനധികൃത മദ്യവില്പന തടയാനുള്ള പരിശോധനകളും നിയമനടപടികളും സഞ്ചാരികൾക്കു ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്നാണ് മദ്യവില്പന ഉദാരമാക്കാനുള്ള തീരുമാനത്തിനു കാരണമായി എക്സൈസ് മന്ത്രി പറയുന്നത്.

എംഎൽഎമാർ ഉന്നയിച്ച നിയമസഭാ ചോദ്യത്തിനുള്ള മറുപടിയിൽ, വിദേശ വിനോദസഞ്ചാരികൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ മദ്യത്തിൻറെ ലഭ്യത ഒഴിച്ചുകൂടാത്തതാണെന്നും ആവശ്യത്തിനു മദ്യം ലഭ്യമാക്കിയാൽ നിയമവിരുദ്ധ പ്രവണതകൾ ഒഴിവാക്കാനാകുമെന്നും മന്ത്രി പറയുന്നു.

വിദേശ വിനോദ സഞ്ചാരികളെല്ലാം മദ്യപൻമാരാണെന്നു തോന്നിപ്പിക്കും വിധമാണ് മന്ത്രിയുടെ മറുപടി. അനധികൃത മദ്യവില്പന മൂലമുള്ള പ്രശ്നങ്ങൾ തടയാൻ സുലഭമായി മദ്യം ലഭ്യമാക്കുന്നതു തെറ്റായ സന്ദേശമാണ് നൽകുന്നതെന്ന് മദ്യവർജന സമിതി പ്രസ്ഥാനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ഇക്കണക്കിനു പോയാൽ വർധിച്ചുവരുന്ന മയക്കുമരുന്ന് വ്യാപനവും അതുമൂലമുള്ള പ്രശ്നങ്ങളും ഒഴിവാക്കാൻ അത്തരം വസ്തുക്കളുടെ വില്പനയും ഉപഭോഗവും നിയമവിധേയമാക്കാനുള്ള തീരുമാനവും അധികൃതരിൽ നിന്നുണ്ടാകുമെന്നു ഭയക്കേണ്ടിയിരിക്കുന്നുവെന്ന് കേരള മദ്യ നിരോധന സമിതി സംസ്ഥാന വനിതാ വിഭാഗം പ്രസിഡൻറും കോഴിക്കോട് ക്രിസ്ത്യൻ കോളജിലെ റിട്ട. പ്രഫസറുമായ ഒ.കെ. ചിന്നമ്മ പറഞ്ഞു.

വ്യാജമദ്യം തടയാനെന്നു പറഞ്ഞാണ് സർക്കാർ കേരളത്തിൽ കൂടുതൽ ബാറുകൾ അനുവദിച്ചത്. ബാറുകൾ കൂടുതലായപ്പോൾ വ്യാജമദ്യം കുറഞ്ഞില്ലെന്നു മാത്രമല്ല കൊച്ചുകുട്ടികൾ വരെ ലഹരിക്കടിമയാകുന്ന ഭയജനകമായ സ്ഥിതി വിശേഷമാണുണ്ടായത്. വീര്യം കുറഞ്ഞ മദ്യം എന്ന നിലയ്ക്ക് ബിയറും വൈനും സുലഭമാക്കുന്പോൾ പെൺകുട്ടികളടക്കമുള്ളവർ അതിലൂടെയാണ് ലഹരിയുടെ ലോകത്ത് എത്തുന്നതെന്ന യാഥാർഥ്യം കണ്ടില്ലെന്നു നടിക്കാനാകില്ലെന്നും ഒ.ജെ. ചിന്നമ്മ പറഞ്ഞു.

ടൂറിസം കേന്ദ്രങ്ങളിൽ ഒരു വർഷത്തേക്കു ബിയർ വൈൻ പാർലറുകൾ അനുവദിക്കാനാണു സർക്കാരിൻറെ തീരുമാനം. ടൂറിസം മേഖലകളായി സംസ്ഥാന സർക്കാർ അംഗീകരിച്ച സ്ഥലങ്ങളിലെ റസ്റ്ററൻറുകൾക്കും കേന്ദ്ര ടൂറിസം മന്ത്രാലയത്തിൻറെ വൺ സ്റ്റാറും അതിനു മുകളിലും ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള ഹോട്ടലുകൾക്കും മദ്യവിൽപന ലൈസൻസ് അനുവദിക്കാനാണ് 202324 വർഷത്തെ അബ്കാരി നയത്തിൽ സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

# ഐ.എൽ.ഡി.എമ്മിൽ ഒഴിവ്

റവന്യൂ ഡിപ്പാർട്ട്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.എൽ.ഡി.എം ന്റെ ഭാഗമായ റവന്യൂ ഇൻഫർമേഷൻ ബ്യൂറോയിൽ വീഡിയോ എഡിറ്റർ, വിഷ്വൽ മീഡിയയിൽ ഇന്റേൺസിന്റെ തസ്തികകളിലെ ഓരോ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വീഡിയോ എഡിറ്റർ തസ്തികയിലെ ഉയർന്ന പ്രായപരിധി 35 ഉം ഇന്റേൺഷിപ്പിന് 30 വയസ്സുമാണ്. വീഡിയോ എഡിറ്റർ നിയമനം ഒരു വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിലാണ്. പ്രതിമാസം 20,065 രൂപ ശമ്പളം സൗജന്യ താമസ സൗകര്യം നൽകും.

ന്യൂസ് ക്ലിപ്പുകൾ തയ്യാറാക്കൽ, ലൈവ് ട്രാൻസ്മിഷൻ സ്വിച്ചിംഗ്, ഓൺലൈൻ എഡിറ്റിംഗ്, വീഡിയോ ഫൂട്ടേജിന്റെ അപ്ലോഡിങ്, ഡോക്യുമെന്ററികൾ തയ്യാറാക്കൽ, സോഷ്യൽമീഡിയയ്ക്കു വേണ്ടി വിവിധ രൂപത്തിലുള്ള കണ്ടന്റുകൾ തയ്യാറാക്കൽ എന്നിവയാണ് ചുമതലകൾ. പ്ലസ് ടു, വീഡിയോ എഡിറ്റിംഗിൽ അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ കോഴ്സും പാസായിരിക്കണം. ന്യൂസ് പോർട്ടൽ/ സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളിൽ വാർത്താധിഷ്ഠിത വീഡിയോ തയ്യാറാക്കുന്നതിലും എഡിറ്റിംഗിലും രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

വിഷ്വൽ മീഡിയയിൽ ഇന്റേൺഷിപ്പിന് ഒരു വർഷത്തേക്കാണ് നിയമനം. താമസം സൗജന്യമായിരിക്കും. മാസം 10,000 രൂപ വേതനം. പ്രായ പരിധി 30 വയസ്. പ്രായോഗിക, സാങ്കേതിക പരീക്ഷകളുടെയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് നിയമനം. അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർഥികൾ ഐ.എൽ.ഡി.എം വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ച് അപേക്ഷ സമർപ്പിക്കാം. വീഡിയോ എഡിറ്റിംഗിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന. ഇ മെയിൽ: ildm.revenue@gmail.com അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 17. അഭിമുഖം, എഴുത്തുപരീക്ഷ ജൂലൈ 20. വെബ്സൈറ്റ്: https://ildm.kerala.gov.in/en

# വരുമാന വർദ്ധനയും ചെലവ് ചുരുക്കലും സംബന്ധിച്ച നടപടികൾ

വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം ചിലവുകളിൽ മിതവ്യയം പാലിക്കുകയും സർക്കാർ സേവനങ്ങൾ ജനങ്ങളിൽ സുതാര്യമായും സങ്കീർണ്ണമല്ലാതെയും എത്തിക്കാനുള്ള പ്രത്യേക ഉത്തരവുകൾ 2024 ജൂലായ് 31നകം ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്നതാണ്. ഇതിനു മേൽനോട്ടം വഹിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

നികുതിനികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. നികുതിയേതര വരുമാന വർദ്ധനയ്ക്കായി വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

സർക്കാർ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് തടസ്സം കൂടാതെ ലഭ്യമാക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. സാധാരണക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിക്കും.

സംസ്ഥാന സർക്കാർ സ്വയം നികുതിനികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ തന്നെ, പരിമിതികൾക്ക് അകത്തുനിന്നുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതോടൊപ്പം, ചെലവ് ചുരുക്കലിനുള്ള നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ അവരുടെ അവകാശമാണെന്ന് കരുതുന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. കേന്ദ്രസമീപനം മൂലമുണ്ടായ പണഞെരുക്കത്തിനിടയിലും വികസന ക്ഷേമ പദ്ധതികളിൽ നിന്നും സർക്കാർ പിന്നോട്ടു പോവുകയില്ല. കേന്ദ്രസർക്കാരിന്റെ സമീപനം സൃഷ്ടിച്ച പണഞെരുക്കത്തിന്റെ പ്രത്യാഘാതം നടപ്പു സാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷവും ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനെതിരെ സാധ്യമായ നിയമനടപടികൾ തേടുന്നതോടൊപ്പംതന്നെ സ്വയംപരിശ്രമം നടത്തുന്ന കാര്യത്തിലും സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

സാധാരണക്കാർക്കും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കും നൽകാനുള്ള സർക്കാർ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിലും കുടിശ്ശിക നിവാരണം ചെയ്യുന്നതിലും സംസ്ഥാന സർക്കാരിനുള്ള പ്രതിജ്ഞാബദ്ധത ഈ സഭയെ അറിയിക്കുകയാണ്.

# റെയിൽവേ ഗേറ്റ് അടച്ചില്ല ; സ്കൂൾവാനും ട്രെയിനും മുഖാമുഖം; ഒഴിവായതു വൻദുരന്തം

ഒല്ലൂർ(തൃശൂർ): വിദ്യാർഥികളുമായി സ്കൂൾ വാൻ തുറന്നുകിടന്ന റെയിൽവേ ഗേറ്റ് കടന്ന സമയത്തു ട്രെയിൻ പാഞ്ഞെത്തിയെങ്കിലും വൻദുരന്തം വഴിമാറി.

വാൻ ഡ്രൈവർ പെട്ടെന്നുതന്നെ വാൻ ഓടിച്ചു മുന്നോട്ടെടുക്കുകയായിരുന്നു. സിഗ്നൽ ലഭിക്കാത്തതിനാൽ ട്രെയിൻ വേഗംകുറച്ച് 200 മീറ്ററകലെ നിർത്തുകയും ചെയ്തു. തൈക്കാട്ടുശേരി റെയിൽവേ ഗേറ്റിൽ ഇന്നലെ രാവിലെ എട്ടുമണിയോടെയായിരുന്നു സംഭവം.

തൃശൂർ ഭാഗത്തുനിന്നു വന്ന ജനശതാബ്ദി എക്സ്പ്രസാണ് തൈക്കാട്ടുശേരിയിലെ ഗേറ്റ് തുറന്നുകിടക്കുന്പോൾ എത്തിയത്. ഈ സമയം തലോർ ഭാഗത്തുനിന്നു വല്ലച്ചിറ സെൻറ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളുമായി സ്കൂൾ വാൻ എത്തി.

ഗേറ്റ് അടയ്ക്കാത്തതിനാൽ വാൻ ട്രാക്കിലേക്കു കടന്നു. ഇതേസമയം ട്രെയിനും എത്തി. 300 മീറ്റർ മാത്രം അകലെ ട്രെയിൻ കണ്ട വിദ്യാർഥികൾ ഉറക്കെ നിലവിളിച്ചു. ഇതോടെ മനസാന്നിധ്യം വീണ്ടെടുത്ത ഡ്രൈവർ വിജയകുമാർ അതിവേഗം വാഹനം മുന്നോട്ടെടുത്തു.

കുട്ടികളുടെ നിലവിളി കേട്ട് ഗേറ്റ് കീപ്പർ ഓടിയെത്തി. ഒല്ലൂർ റെയിൽവേ സ്റ്റേഷൻ മാസ്റ്ററെ വിവരം അറിയിച്ചു. ഇതിനിടെ ട്രെയിൻ ഗേറ്റിന് 200 മീറ്റർ അകലെ നിർത്തിയിരുന്നു. ഒല്ലൂർ സ്റ്റേഷനിൽനിന്ന് സിഗ്നൽ ലഭിക്കാത്തതിനാലാണ് ഗേറ്റ് അടച്ചതെന്നാണ് റെയിൽവേയുടെ വിശദീകരണം. ലോക്കോ പൈലറ്റ് ട്രെയിനിൻറെ വേഗം കുറയ്ക്കുകയും നിർത്തുകയുമായിരുന്നെന്നും റെയിൽവേ അധികൃതർ വ്യക്തമാക്കി.

# തരംമാറ്റം അനുവദനീയമായ ഭൂമിയിൽ 1,291 ച. അടി വരെ വീട് നിർമ്മിക്കുന്നതിന് അനുമതിക്ക് നടപടിക്രമങ്ങളിൽ ഇളവ്

ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ സ്വന്തം ആവശ്യത്തിനായുള്ള 1,291 ചതുരശ്ര അടി വരെ വീട് നിർമ്മിക്കാൻ ഇളവ് ലഭ്യമാണ്. എന്നാൽ, ഈ ഇളവ് ലഭ്യമാണെന്നത് അറിയാതെ, അപേക്ഷകർ ഈ ആവശ്യത്തിലേക്ക് തരംമാറ്റത്തിനായി റവന്യൂ അധികാരികളെ സമീപിക്കുന്നുണ്ട്. ഈ ആനുകൂല്യം നിലവിലുണ്ട് എന്ന കാര്യം എല്ലാവരിലേക്കും എത്തിക്കുന്നതിന് നടപടി സ്വീകരിക്കും. ഇതിന് സ്പഷ്ടീകരണം നൽകി പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കും. ഈ ആനുകൂല്യത്തിന് അർഹതയുള്ള എല്ലാ അപേക്ഷകളും ഇപ്രകാരം തീർപ്പാക്കും.

ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് സ്വന്തം പേരിലോ, കുടുംബാംഗങ്ങളുടെ പേരിലോ ജില്ലയിൽ മറ്റൊരിടത്തും വീട് നിർമ്മിക്കാൻ ഭൂമി ഇല്ലെങ്കിൽ വീട് നിർമ്മിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് 10 സെന്റും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റും നെൽവയൽ നികത്തി വീട് നിർമ്മിക്കാൻ ഒറ്റത്തവണ അനുമതി നൽകാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയിൽ നിലവിലുള്ള നടപടിക്രമം ലഘൂകരിക്കുകയും വേഗത്തിലാക്കുകയും ചെയ്യും. ഇതിനായി ഒരു ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തും. ഇത്തരം കേസുകളിൽ വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നു എന്ന വ്യവസ്ഥ തടസ്സമാവില്ല. ഇതിനും പ്രത്യേകമായ ഉത്തരവ് പുറപ്പെടുവിക്കും.

# എം.ബി.എ ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ (ഐ.എൽ.ഡി.എം) 202426 അധ്യായന വർഷത്തേക്കുള്ള എം.ബി.എ കോഴ്സിനായുള്ള ഓൺലൈൻ അപേക്ഷ 17 വരെ സ്വീകരിക്കും. താൽപര്യമുള്ള വിദ്യാർഥികൾക്ക് ശഹറാ.സല്യമഹമ.ഴീ.ശി വഴി അപേക്ഷകൾ സമർപ്പിക്കാം. കേരള യൂണിവേഴ്സിറ്റി അഫിലിയേഷനോടുകൂടി നടത്തുന്ന കോഴ്സ് ഇന്ത്യയിലെ തന്നെ ആദ്യത്തെ എ.ഐ.സി.ടി.ഇ അംഗീകൃത എം.ബി.എ ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സാണ്. കൂടുതൽ വിവരങ്ങൾക്ക്: 8547610005 (ildm.revenue@gmail.com) .

# ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ എൻജിനീയറിങ് എച്ച്.ഐ ബാച്ചിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. താത്പര്യമുള്ള ഉദ്യോഗാർഥികൾ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി സ്ഥാപന മേധാവി മുമ്പാകെ ജൂലൈ 15നു രാവിലെ 10ന് അഭിമുഖത്തിന് ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471 2491682

# സർക്കാർ ഇരകൾക്കൊപ്പം, മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് വീണാ ജോർജ്

തിരുവനന്തപുരം: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ ഇരയാക്കപ്പെടുന്നവർക്കൊപ്പം നിൽക്കുകയെന്ന ഒറ്റ നിലപാടേ സർക്കാരിനുള്ളൂവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. മുഖം നോക്കാതെയുള്ള നടപടിയെടുക്കാനുള്ള ആർജവം സർക്കാരിനുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വച്ചുപൊറുപ്പിക്കില്ലെന്നും ശക്തമായ നടപടിയാണ് ഓരോ വിഷയങ്ങളിലും പൊലീസ് സ്വീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. വിഷയം ചർച്ച ചെയ്യുന്നതിനായി സഭ നിർത്തിവയ്ക്കണമെന്ന പ്രതിപക്ഷത്തിന്റെ ഉപക്ഷേപത്തിന് മറുപടി നൽകുകയായിരുന്നു മന്ത്രി.

റിപ്പോർട്ട് ചെയ്യുന്ന എല്ലാ സംഭവങ്ങളിലും കേസെടുത്ത് അന്വേഷണം നടത്തി നിയമനടപടി സ്വീകരിക്കുന്നുണ്ട്. പരമാവധി ശിക്ഷയുറപ്പാക്കുക എന്നതാണ് സർക്കാർ നിലപാട്. പോക്സോ കേസും സ്ത്രീകൾക്കെതിരായ അതിക്രമ കേസും കൈകാര്യം ചെയ്യാൻ സംസ്ഥാനത്ത് 56 പ്രത്യേക കോടതികൾ നിലവിലുണ്ട്. കോട്ടയം കുഞ്ഞച്ചനെന്ന വ്യാജ അക്കൗണ്ടിലൂടെ ഇടതുപക്ഷ നേതാക്കളെയും അവരുടെ കുടുംബാംഗങ്ങളെയും അപമാനിച്ചയാളെ കെഎസ്‌യു ജില്ലാ സെക്രട്ടറിയാക്കുകയാണ് ചെയ്തത്. ഈ വ്യക്തിയുടെ അതിനീചമായ അതിക്രമത്തിന് താനും ഇരയാണെന്നും മന്ത്രി വ്യക്തമാക്കി. സ്ത്രീകളെ അപമാനിച്ച 'കോട്ടയം കുഞ്ഞച്ചന്' വേണ്ടി കോടതിയിൽ ഹാജരായത് കോൺഗ്രസ് നേതൃത്വം ചുമതലപ്പെടുത്തിയ അഞ്ച് അഭിഭാഷകരാണ്. ജാമ്യം ലഭിച്ചപ്പോൾ അഭിനന്ദിച്ച് ഫേസ്ബുക്കിൽ കുറിപ്പിട്ടത് കെപിസിസി ഡിജിറ്റൽ വിഭാഗം തലവനായിരുന്നു. സംസ്ഥാനത്തെ മുതിർന്ന നേതാവായ കെ കെ ശൈലജയെ സമൂഹ മാധ്യമങ്ങളിൽ അധിക്ഷേപിച്ചത് യൂത്ത്കോൺഗ്രസാണ്. ആർഎംപി നേതാവിന്റെ പ്രസംഗത്തിലും അവരെ അപമാനിച്ചു. ഈ മനോഭാവത്തിൽ മാറ്റം വരുത്താൻ പ്രതിപക്ഷം തയ്യാറാകണമെന്നും മന്ത്രി വീണാ ജോർജ് മറുപടിയിൽ ആവശ്യപ്പെട്ടു.